(3) പ്രമേയങ്ങൾ

(i) പി. എസ്. സി. നിയമനങ്ങളിലുണ്ടാകുന്ന കാലതാമസം

ശ്രീ. ജി. കാർത്തികേയൻ: സർ, ഞാൻ താഴെ പറയുന്ന പ്രമേയം അവതരിപ്പിക്കുന്നു:

''ഗവൺമെൻറിന്റെ വിവിധ വകുപ്പുകളിൽ ഒഴിവുള്ള തസ്തികകളിലേയ്ക്ക് പി. എസ്. സി. ഉദ്യോഗാർത്ഥികളെ തിരഞ്ഞെടുത്തിട്ടും നിയമനം നടത്താതെ കാലതാമസം വരുത്തുന്ന നടപടിക്രമങ്ങൾ മൂലം തൊഴിലില്ലാത്ത അഭ്യസ്തവിദ്യർ അനുഭവിക്കുന്ന ബുദ്ധിമുട്ടുകൾ പരിഗണിച്ച്, പ്രസ്തുത ഒഴിവുകൾ സമയബന്ധിതമായി നികത്താൻ വേണ്ട നടപടികൾ സ്വീകരിക്കണമെന്നും, പൊതു മേഖലാസ്ഥാപനങ്ങളിലെ എല്ലാ നിയമനങ്ങളും പി. എസ്. സി. ക്ക് വിടണമെന്നും അവയിലെ വിവിധ തസ്തികകളിലേക്ക് നിയമനം നടത്തുന്നതിനുള്ള യോഗ്യത ഏകീകൃത രൂപത്തിലാക്കണമെന്നും ഈ സഭ ഗവൺമെൻറിനോട് അഭ്യർത്ഥിക്കുന്നു.''

സർ, നമ്മുടെ സംസ്ഥാനം മനുഷ്യ സമ്പത്തുകൊണ്ട് വളരെയധികം സമ്പന്നമാണ്. നമ്മുടെ സംസ്ഥാനത്തിലെ ഏറ്റവും വലിയ കയറ്റുമതി ചരക്കുപോലും മനുഷ്യ സമ്പത്താണ്. വിദ്യാഭ്യാസത്തിൽ കേരളം മുന്നിൽ നിൽക്കുന്നു. കലാശാലാ വിദ്യാഭ്യാസത്തിൽ മാത്രമല്ല, ശാസ്ത്ര സാങ്കേതിക രംഗത്തെ വിദ്യാഭ്യാസത്തിലും കേരളം വളരെ മുന്നിലാണ്. കേരള സംസ്ഥാനത്തിന്റെ ഏറ്റവും വലിയ ദൗർഭാഗ്യകരമായ അവസ്ഥ ഈ ജനാധിപത്യ കേരളം തുടങ്ങിയ അന്നുമുതൽ ഇന്നുവരെ നമ്മുടെ സംസ്ഥാനത്ത് നിലനിൽക്കുന്ന തൊഴിലില്ലായ്മയാണ്. അഭ്യസ്തവിദ്യരും അല്ലാത്തവരുമായ കേരളത്തിലെ എല്ലാ ചെറുപ്പക്കാർക്കും മാറിമാറി വന്ന ഭരണകൂടങ്ങൾക്ക് തൊഴിലിനു അവസരം കൊടുക്കാൻ കഴിഞ്ഞിട്ടില്ല. അതുകൊണ്ടാണ് കേരളം വിട്ടും ഇൻഡ്യ വിട്ടും കേരളത്തിലെ ചെറുപ്പക്കാർ വിദ്യാഭ്യാസമുള്ളവരും ഇല്ലാത്തവരും ജീവിതം വെട്ടിപ്പിടിക്കുവാൻ നാടുവിട്ടു പോകുന്നത്. കേരളത്തിനകത്ത് ജീവിക്കുന്ന ആളുകൾക്ക് വിദ്യാഭ്യാസം ഉള്ളവർക്കും, ഇല്ലാത്തവർക്കും എല്ലാ ആളുകൾക്കും, തൊഴിൽ കൊടുക്കാൻ സാദ്ധ്യമല്ലെങ്കിലും ഉള്ള അവസരങ്ങൾ നീതിപൂർവ്വം വിഭജിക്കുക എന്നുള്ളതാണ് സാമാന്യ നീതിയാണ്. കേരളത്തിലെ തൊഴിലില്ലാത്ത ചെറുപ്പക്കാർക്ക് തൊഴിൽ കൊടുക്കുന്നതിനു വേണ്ടിയും അവരെ നിയമിക്കുന്നതിനു വേണ്ടിയും അവരുടെ പരീക്ഷ നടത്തുന്നതിനും, അവരെ തിരഞ്ഞെടുക്കുന്നതിനും നമ്മുടെ ഗവൺമെൻറ് നിശ്ചയിച്ചിട്ടുള്ള സംവിധാനമാണ് ഭരണഘടനാദത്തമായ പബ്ലിക് സർവ്വീസ് കമ്മീഷൻ. പി. എസ്. സി. കാലാകാലങ്ങളിൽ പരീക്ഷ നടത്താറുണ്ട്. മുൻപ് പി. എസ്. സി. തയ്യാറാക്കുന്ന ലിസ്റ്റിന്റെ കാലാവധി രണ്ടു വർഷമായിരുന്നു. ചെറുപ്പക്കാരുടെയും എല്ലാവരുടെയും ആഗ്രഹ പ്രകാരം ഗവൺമെൻറ് അതിന്റെ കാലാവധി ഇപ്പോൾ മൂന്നു വർഷമാക്കി. മൂന്നു വർഷമാക്കിയിട്ടും വിവിധ ഡിപ്പാർട്ടുമെൻറുകളിലേക്ക് പരീക്ഷ നടത്തി ഇൻറർവ്യൂ നടത്തി ലിസ്റ്റിൽ വന്ന കുറെ ആളുകൾക്ക് നിയമനം ലഭിച്ചിട്ടില്ല. ഏറ്റവും അധികം പി. എസ്. സി. വഴി ആളുകളെ തിരഞ്ഞെടുക്കുന്നത് വേരിയസ് ഡിപ്പാർട്ടുമെൻറിലുള്ള ക്ലറിക്കൽ പോസ്റ്റുകളിലാണ്. മൂന്നു വർഷത്തെ കാലാവധി

LIBRARY ARCHIVES Kerala Legislative Assembly

കഴിഞ്ഞ് കേരളത്തിലെ വിദ്യാഭ്യാസമുള്ള നിരവധി പെൺകുട്ടികൾക്കും ആൺകുട്ടികൾക്കും ഇനി പരീക്ഷ എഴുതാൻ കഴിയാതായിരിക്കുന്നു. ലിസ്റ്റിൽ വരികയും നിയമനം കിട്ടാതിരിക്കുകയും ചെയ്ത പലർക്കും അവരുടെ പ്രായപരിധി കവിഞ്ഞതുകൊണ്ട് ഇനി ഗവൺമെൻറിൽ ഒരു പരീക്ഷക്ക് ഇരിക്കുവാനോ, ഒരു തിരഞ്ഞെടുപ്പിലൂടെ ജോലിയിൽ പ്രവേശിക്കുവാനോ സാദ്ധ്യമല്ല. വിവിധ സന്ദർഭങ്ങളിൽ കേരളാ മുഖ്യമന്ത്രിയോടും ഈ സഭയോടും, ഉത്തരവാദപ്പെട്ട ഗവൺമെൻറിനോടും ഈ സഭയിലെ മിക്ക ആളുകളും ആവശ്യപ്പെട്ടിട്ടുള്ള ഒരു കാര്യമാണിത്. വിവിധ ഡിപ്പാർട്ടുമെൻറുകളിൽ സാമ്പത്തിക പരാധീനതകൊണ്ട് പുതിയ അപ്പോയിൻറ്മെൻറ് നടത്തിയില്ലെന്ന വാദഗതി വേണമെങ്കിൽ സമ്മതിക്കാം. അതിൻെറ പ്രശ്നമല്ല, വിവിധ ഡിപ്പാർട്ടുമെൻറുകളിൽ ക്ലറിക്കൽ തസ്തികയിലും, ഡ്രൈവർ, പ്യൂൺ തസ്തികയിലും താൽക്കാലിക ജീവനക്കാരെ നിയമിച്ചിട്ടുണ്ട്. ഞാൻ താൽക്കാലിക ജീവനക്കാർക്ക് എതിരല്ല. താൽക്കാലിക ജീവനക്കാർ പ്രത്യേക സാഹചര്യത്തിൽ എംപ്ലോയ്മെൻറ് എക്സ്ചേഞ്ച് വഴി വന്ന വരാണ്. ഇവർക്കും ജീവിക്കണം. എന്നാലും- എംപ്ലോയ്മെൻറ് എക്സ്ചേഞ്ച് വഴി വന്നവരേക്കാൾ കൂടുതൽ അപേക്ഷാഫാറം പൂരിപ്പിച്ച് ഒരു പരീക്ഷക്കിരുന്ന് തിരഞ്ഞെടുക്കപ്പെടാൻ യോഗ്യതയുള്ളവരാണെന്ന് ലിസ്റ്റിൽ വന്നതിനുശേഷം അവർ പുറത്തുനിൽക്കെ വിവിധ ഡിപ്പാർട്ടുമെൻറുകളിൽ ഒഴിവുകളുണ്ടായിട്ടും ആ ഒഴിവുകളിൽ താൽക്കാലിക ജീവനക്കാർ തുടരുകയാണ്. ഗവൺമെൻറ് പല സന്ദർഭങ്ങളിലും പറഞ്ഞു ഹൈക്കോടതി വിധി അവർക്ക് അനുകൂലമായിട്ടാണ് നിൽക്കുന്നതെന്ന്. ഏതായാലും സുപ്രീം കോടതിയിലെ പല വിധികളും ഇതുമായി ബന്ധപ്പെടുത്തി പറഞ്ഞെങ്കിലും കേരളത്തിലെ ഇന്നത്തെ വളരെ ദയനീയമായ ചിത്രം എന്ന് പറയുന്നത്, പി. എസ്. സി. വഴി തിരഞ്ഞെടുക്കപ്പെട്ടവരിൽ പലർക്കും ഇന്ന് ജോലികിട്ടിയിട്ടില്ല എന്നതാണ്. കാലാവധി പൂർത്തിയാകാൻ ഒന്നോ, രണ്ടോ മാസം മാത്രമുള്ള ലിസ്റ്റിലെ ആളുകളെയെങ്കിലും വിവിധ ഡിപ്പാർട്ടുമെൻറുകളിൽ നിയമിക്കാൻ ഗവൺമെൻറ് കർശനമായ നിർദ്ദേശം കൊടുക്കണം. ഞാൻ അതിൻെറ വിശദാംശങ്ങളിലേക്ക് കടക്കുന്നില്ല. ചില ഡിപ്പാർട്ടുമെൻറുകളിൽ ഡിപ്പാർട്ടുമെൻറ് തലവൻമാർ പി. എസ്. സി. വഴി വരുന്ന പ്യൂണിനെക്കാളും, ഡ്രൈവറെക്കാളും കൂടുതൽ താൽക്കാലിക നിയമനത്തിലൂടെ വരുന്ന ഡ്രൈവറേയും പ്യൂണിനേയും എടുക്കുന്നു. പല താൽക്കാലിക ആവശ്യങ്ങൾക്കും അവരെ ഉപയോഗിക്കാമെന്നുള്ളതുകൊണ്ട് തന്നെയാണ് ഇങ്ങനെ ചെയ്യുന്നത്. ഞാൻ ആരേയും ആക്ഷേപിക്കാൻ പറയുകയല്ല. സ്വകാര്യകാര്യങ്ങൾക്കുവേണ്ടിയും, തലവൻമാരുടെ മറ്റ് കാര്യങ്ങൾക്ക് വേണ്ടിയും ഒരു അടിമയെപ്പോലെ കീഴ് ജീവനക്കാരെ വയ്ക്കുന്നതിനുവേണ്ടിയാണ് പി. എസ്. സി. ലിസ്റ്റ് നിലനിൽക്കെ, ഇവിടെ താൽക്കാലിക ജീവനക്കാർ തുടരുന്നത്. ഇത് ഒരു അഡ്ജസ്റ്റ്മെൻറിൻെറ അടിസ്ഥാനത്തിലാണ്. ആ അഡ്ജസ്റ്റ്മെൻറ് അടിസ്ഥാനത്തിന് ഗവൺമെൻറ് തയ്യാറാകരുത്. ഈ സംസ്ഥാനത്തിലെ എല്ലാ ചെറുപ്പക്കാർക്കും ജോലികൊടുക്കുവാൻ ഗവൺമെൻറിന് കഴിയുകയില്ല. അതിനുള്ള പരാധീനതകൾ നമുക്ക് മനസ്സിലാക്കാൻ കഴിയും. എന്നാലും ഉള്ള അവസരങ്ങളെ ഗവൺമെൻറ് നീതിപൂർവ്വം തിരഞ്ഞെടുക്കപ്പെട്ട ആളുകൾക്ക് കൊടുക്കണമെന്ന് ഞാൻ ആവശ്യപ്പെടുകയാണ്. പല സന്ദർഭങ്ങളിൽ ഇവിടെ ശുദ്ധ ക്ഷണിക്കലിലൂടെയും,

LIBRARY ARCHIVES Kerala Legislative Assembly

സബ്മിഷനിലൂടെയും ഈ കാര്യം പറഞ്ഞതാണ്. ഗവൺമെന്റ് അതിനൊക്കെ മറുപടി പറഞ്ഞെങ്കിലും പല ഗവൺമെന്റ് തലവൻമാരുടേയും അഡ്ജസ്റ്റ്മെന്റാണിത്. അത് ഇപ്പോഴും തുടർന്ന് പോരുന്നു.

സർ, ഏറ്റവും പ്രധാനമായിട്ടുള്ള മറ്റൊരു കാര്യം പൊതുമേഖലാ സ്ഥാപനമാണ്. പൊതുമേഖലാ സ്ഥാപനങ്ങളും വിവിധ സ്വഭാവത്തിലുള്ളവയാണ്. സാങ്കേതിക രംഗത്ത് മിടുക്കൻമാരായ ആളുകളും വേണ്ടിവരും. ഈ സാങ്കേതിക രംഗത്തെ മിടുക്കൻമാരായ ആളുകളെ പൊതുമേഖലാ സ്ഥാപനങ്ങളിൽ എടുക്കുന്നതിൽ തെറ്റില്ല. പൊതുമേഖലാ സ്ഥാപനങ്ങളിലെ നിയമനങ്ങളിലേയ്ക്ക് ഒരു ഏകീകൃത നിയമമില്ല. ഒരു പൊതുമേഖലാസ്ഥാപനമുണ്ടാകുമ്പോൾ അതിന്റെ സൗകര്യമനുസരിച്ച് അതിലേയ്ക്കുള്ള നിയമനങ്ങൾക്കായി താൽക്കാലികമായി നിയമങ്ങൾ എഴുതിച്ചേർക്കും. കേരള സർക്കാരിന്റെ ഒരു പൊതുമേഖലാ സ്ഥാപനത്തിൽ ഒരു ക്ലർക്കിന് വേണ്ട അടിസ്ഥാന യോഗ്യത എസ്. എസ്. എൽ സി യാണ്. അതേ ശമ്പളം പറ്റുന്ന അതേ സ്വഭാവത്തിൽ ജോലിചെയ്യുന്ന വേറൊരു പൊതുമേഖലാ സ്ഥാപനത്തിൽ ക്ലർക്കിന് വേണ്ട അടിസ്ഥാന യോഗ്യത ഗ്രാഡുവേഷനായിരിക്കും. അപ്പോൾ കളറിക്കൽ ജോലിക്ക് തന്നെ പൊതുമേഖലാ സ്ഥാപനങ്ങളിൽ ആളുകളെ എടുക്കുന്നതിന് ഈ ഗവൺമെന്റിനു ഒരു ഏകീകൃത നിയമമില്ല.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: സർ, ബഹുമാനപ്പെട്ട കാർത്തികേയൻ ഇത്തരത്തിൽ ഒരു പ്രമേയം ഇവിടെ അവതരിപ്പിച്ചത് സ്വാഗതാർഹമാണ്. ഇങ്ങനെ പ്രമേയം അവതരിപ്പിച്ച് സംസാരിക്കുന്ന കൂട്ടത്തിൽ നിങ്ങൾ വിശദീകരിക്കേണ്ട ഒരു കാര്യം വാട്ടർ അതോറിറ്റിയിൽ ഈയിടെ കുറെ ആളുകളെ നിയമിച്ചില്ലോ, അതല്ലാം അവിഹിതമായ നിയമനങ്ങളാണ്. അങ്ങനെ നിയമിച്ചവരുടെ കൂട്ടത്തിൽ നിങ്ങളുടെ ബന്ധുക്കളും ഉണ്ടെന്ന് പത്രത്തിൽ ഒരു വാർത്ത വന്നു. അവരെ കൂടി പിരിച്ചുവിട്ട് നിയമനങ്ങൾ മുഴുവനും പി. എസ്. സി. ക്ക് വിട്ട് കൊടുക്കണമെന്ന് ആവശ്യപ്പെടാൻ ബഹുമാനപ്പെട്ട കെ. പി. സി. സി. സെക്രട്ടറി തയ്യാറാകുമോ?

ശ്രീ. ജി. കാർത്തികേയൻ: ഞാൻ ഈ പ്രമേയം ഇവിടെ അവതരിപ്പിക്കുന്നത് ഇന്നാണ്. ഒരു പൊതുമേഖലാ സ്ഥാപനത്തിലും രക്തബന്ധം കൊണ്ടും കർമ്മബന്ധം കൊണ്ടും എന്റെ ബന്ധുക്കളാരും ജോലി ചെയ്യുന്നില്ല. പക്ഷേ എന്റെ ബന്ധുക്കൾക്ക് യോഗ്യതയുള്ള ജോലി ലഭിക്കരുതെന്ന സമീപനം ശരിയല്ല. പക്ഷേ കർമ്മബന്ധം കൊണ്ടും നിർമ്മബന്ധം കൊണ്ടും എന്റെ ബന്ധുക്കളാരും ഒരു പൊതുമേഖലാ സ്ഥാപനത്തിലും ജോലി ചെയ്യുന്നില്ല. സർ, പൊതുമേഖലാ സ്ഥാപനങ്ങളിലെ നിയമനത്തിൽ ഒരേ സ്വഭാവത്തിലുള്ള ജോലിക്ക് തിരഞ്ഞെടുക്കപ്പെടുന്നവരുടെ അടിസ്ഥാന യോഗ്യതയ്ക്ക് ഒരു ഏകീകൃത സ്വഭാവമുണ്ടാകണം. ഇവിടെ പൊതുമേഖലാ സ്ഥാപനങ്ങളിൽ നോക്കിയാൽ ഒരിടത്ത് ബി. എ., വേറൊരിടത്ത് പ്രീഡിഗ്രി ഇങ്ങനെയാണ് സൗകര്യമനുസരിച്ച് നിയമത്തിൽ വെള്ള ചേർക്കുന്നത്, അതു ശരിയല്ല. പി എസ്. സി. നിലനിൽക്കുന്നുണ്ടല്ലോ നമ്മളാണല്ലോ പി എസ് സി മെമ്പർമാരെ തിരഞ്ഞെടുക്കുന്നത്. പി. എസ്. സി. മെമ്പർമാരെ നിശ്ചയിക്കുന്നത് ഈ ഗവൺമെന്റാണ്. അവർക്ക് ഭരണഘടനാദത്തമായി വളരെയധികം അധികാരങ്ങൾ കൊടുത്തിട്ടുണ്ട്

LIBRARY ARCHIVES Kerala Legislative Assembly

കാലാകാലങ്ങളിൽ തിരഞ്ഞെടുപ്പ് നടത്തുമ്പോൾ പി. എസ്. സി. മെമ്പർമാർക്ക് ഇൻറർവ്യൂ ചെയ്യുവാൻ ചില സാങ്കേതിക വിഷയങ്ങളിലെ എക്സ്പെർട്ടുകൾ അല്ലെങ്കിൽ ഡിപ്പാർട്ടുമെൻറുകളിൽ നിന്ന് എക്സ്പെർട്ടുകളെ അയക്കാറുണ്ട്. ഏത് വിഷയത്തിൽ ജോലി ചെയ്യുന്ന ആളുകളേയും തിരഞ്ഞെടുക്കാനുള്ള നിയമപരമായ സംവിധാനങ്ങൾ പി. എസ്. സി. ക്കുണ്ട്. അങ്ങനെ - തിരഞ്ഞെടുക്കാനുള്ള അധികാരം പി. എസ്. സി. ക്ക് ഇരിക്കെ പി. എസ്. സി. യെ നിയമിച്ചിരിക്കെ. നമ്മൾ ശമ്പളം കൊടുക്കുന്ന കേരളത്തിലെ പൊതുമേഖലാസ്ഥാപനങ്ങളിൽ അതാത് ഡയറക്ടർ ബോർഡിനും അതാത് മന്ത്രിക്കും, അതാത് മാനേജിംഗ് ഡയറക്ടർക്കും, അതാത് സംവിധാനങ്ങൾക്കും ഇഷ്ടപ്പെട്ട ആളുകളെ തിരഞ്ഞെടുക്കുന്ന ഈ സംവിധാനം ഒരു സംസ്ഥാനത്തിന് യോജിച്ചതല്ല. പ്രത്യേകിച്ച് ആവശ്യത്തിനനുസരിച്ച് യോഗ്യതയുള്ള നിരവധി ചെറുപ്പക്കാർ അനാഥരായി നടക്കുന്ന കേരളത്തിൽ അതിൻറെ ആവശ്യമില്ല എന്നുള്ളതുകൊണ്ട് തന്നെ കേരളത്തിലെ പൊതുമേഖലാ സ്ഥാപനങ്ങളിലെ നിയമനങ്ങൾ പി. എസ്. സി. ക്ക് വിടണമെന്ന് ഞാൻ അഭ്യർത്ഥിക്കുന്നു. അങ്ങനെ പി. എസ്. സി. ക്കു വിടുമ്പോൾ സ്വാഭാവികമായിട്ടും മറ്റ് ചില കാര്യങ്ങൾ കൂടി ഗവൺമെൻറ് ശ്രദ്ധിക്കേണ്ടതുണ്ട്. നിലവിലിരിക്കുന്ന പരീക്ഷാ സമ്പ്രദായങ്ങൾക്കും, സംവിധാനങ്ങൾക്കും തന്നെ മാറ്റം വരുത്തണം. കേരളത്തിലെ പി. എസ്. സി. ഓഫീസിലെ സംവിധാനങ്ങൾ അതിൻറെ പ്രവർത്തനങ്ങൾ യോഗ്യമല്ല എന്നല്ല, അവർക്ക് അതിനുള്ള സൗകര്യങ്ങൾ പലപ്പോഴും ഇല്ലെന്ന് പരാതി ഉയർന്നു വന്നിട്ടുണ്ട്. അപ്പോൾ പി. എസ്. സി. യുടെ സൗകര്യങ്ങൾ മെച്ചപ്പെടുത്തണം, അവിടെയുള്ള സംവിധാനങ്ങൾ മെച്ചപ്പെടുത്തണം. അവിടെ പുതിയ കെട്ടിടങ്ങൾ വേണ്ടിവന്നാൽ ഉണ്ടാക്കണം. കൂടുതൽ സ്റ്റാഫിനെ നിയമിക്കണം. ഇന്നു നിലവിലുള്ള സംവിധാനത്തിൽ പി. എസ്. സി. ക്ക് ആളുകളെ തിരഞ്ഞെടുക്കാൻ മാസങ്ങൾ വേണ്ടി വരുന്നു. അപ്ലിക്കേഷൻ ക്ഷണിച്ചിട്ട് പരീക്ഷ എഴുതുവാൻ മാസങ്ങൾ, എഴുതിയിട്ട് റിസൽട്ട് വരാൻ മാസങ്ങൾ, പിന്നെ ഇൻറർവ്യൂ നടത്താൻ മാസങ്ങൾ, പിന്നെ അതിന് ടാബുലേഷൻ നടത്തി ലിസ്റ്റ് ഇടാൻ മാസങ്ങൾ; വീണ്ടും അഡ്വൈസ് മെമ്മോ അയയ്ക്കാൻ മാസങ്ങൾ, അതുകൊണ്ട് പൊതുമേഖലാ സ്ഥാപനങ്ങളിലെ നിയമനങ്ങൾ പി. എസ്. സി. ക്ക് വിടാൻ തീരുമാനിച്ചിരിക്കുകയാണ്. അതോടൊപ്പം തന്നെ ഓരോ ജോലിക്കുമുള്ള അടിസ്ഥാന യോഗ്യത ഏകീകൃത സ്വഭാവത്തിൽ ആക്കുന്നതിനുള്ള നടപടി സ്വീകരിക്കണം. പി. എസ്. സി. യുടെ സൗകര്യം മെച്ചപ്പെടുത്താനും കൂടി ഗവൺമെൻറ് ശ്രദ്ധിക്കണം എന്നുപറഞ്ഞുകൊണ്ട് ഗവൺമെൻറിൻറെയും, ഈ സഭയുടെയും സജീവ പരിഗണനയ്ക്കും ശ്രദ്ധയ്ക്കുമായി ഞാൻ ഈ പ്രമേയം അവതരിപ്പിക്കുന്നു.

ശ്രീ. കെ. രാഘവൻമാസ്റ്റർ: സർ, ഞാൻ ഈ പ്രമേയത്തെ പിൻതാങ്ങുകയാണ്. ഇവിടെ പി.എസ്.സി. സെലക്ഷൻ നടത്തിയിട്ടുള്ള പല ഡിപ്പാർട്ടുമെൻറുകളിലും നിയമനം നടത്തിയിട്ടില്ല. ആ കാരണംകൊണ്ട് അഭ്യസ്തവിദ്യരായ പല ചെറുപ്പക്കാർക്കും ജോലി ലഭിച്ചിട്ടില്ല. അതു മാത്രമല്ല പൊതുമേഖലാസ്ഥാപനങ്ങളിലുള്ള നിയമനങ്ങൾ പി.എസ്.സി.ക്ക് വിടാത്തതുകൊണ്ട് ഭരണഘടനാപരമായി ഇവിടെയുള്ള മതന്യൂനപക്ഷങ്ങൾക്കും പട്ടികജാതി പട്ടിക വർഗ്ഗക്കാർക്കും

LIBRARY ARCHIVES Kerala Legislative Assembly

ലഭിക്കേണ്ട നിയമനം അർഹിക്കുന്ന രീതിയിൽ ലഭിക്കുന്നില്ല. അതു മാത്രമല്ല. പി.എസ്.സി.യുടെ നിയമനം സ്വയാസമയങ്ങളിൽ വിവിധ ഡിപ്പാർട്ടുമെന്റുകളിൽ നടക്കാത്തതുകൊണ്ട് അവികസിത പ്രദേശങ്ങളിലും പിന്നോക്കപ്രദേശങ്ങളിലുമെല്ലാം ഉദ്യോഗസ്ഥൻമാരുടെ കുറവ് വളരെ അധികമുണ്ട്.

പൊതുമേഖലാസ്ഥാപനങ്ങളിലേയും ഗവൺമെൻറ് ഡിപ്പാർട്ടുമെൻറുകളിലേയും നിയമനം പി എസ്.സി. നടത്തുമ്പോഴും ഒരു കാര്യത്തിൽ വളരെയധികം ശ്രദ്ധിക്കണം. നമ്മുടെ സമൂഹത്തിലുള്ള പട്ടിക വർഗ്ഗക്കാരെ സംബന്ധിച്ചിടത്തോളം പി. എസ്. സി. യുടെ നിയമപ്രകാരം അവർക്ക് നൽകേണ്ട പ്രാതിനിധ്യം രണ്ടു ശതമാനമാണ്. പക്ഷേ അവർക്ക് രണ്ടുശതമാനം നിയമനം കിട്ടുന്നില്ലെന്നുള്ളതാണ് പരമാർത്ഥം. കിട്ടാത്തതിന് പ്രധാനമായ കാരണം ഞാൻ ചൂണ്ടിക്കാണിക്കാം. പട്ടികവർഗ്ഗക്കാർക്ക് സാമുദായികമായിട്ടുള്ള റൊട്ടേഷൻ നാൽപ്പത്തിനാലാമത്തേതും 94-ാമത്തേതുമാണ്. സാധാരണഗതിയിൽ പട്ടികജാതിക്കാർക്ക് നാലാമത്തെ ഊഴം കിട്ടുമെന്നുണ്ടെങ്കിൽതന്നെയും പട്ടികവർഗ്ഗക്കാരെ സംബന്ധിച്ചിടത്തോളം 44-ാമത്തെ ഊഴമാണ് കിട്ടുന്നത് എന്നുള്ള കാര്യം പലർക്കും അറിയാമെങ്കിലും അതിന് ഇന്നുവരെ വേണ്ടവിധത്തിലുള്ള നടപടി ഉണ്ടായിട്ടില്ല പല പി.എസ്.സി. നിയമനങ്ങളും വരുന്നുണ്ടെങ്കിൽത്തന്നെയും നമ്മുടെ സമൂഹത്തിലുള്ള ഏറ്റവും പിന്നോക്കം നിൽക്കുന്ന പട്ടികവർഗ്ഗക്കാരെ സംബന്ധിച്ചിടത്തോളം അവർക്ക് നിയമനം കിട്ടുന്നില്ല. പലരും ചോദിക്കാറുണ്ട്, ആദിവാസികൾക്ക് സ്പെഷ്യൽ റിക്രൂട്ട്മെൻറ് ഇല്ലേ എന്ന്. എന്തുകൊണ്ട് ആദിവാസികൾക്ക് ജോലി കിട്ടുന്നില്ലെന്നു ചോദിച്ചാൽ അതിന് ആവശ്യമായ നടപടികൾ ഗവൺമെൻറ് സ്വീകരിച്ചിട്ടില്ല എന്നുള്ളതാണ് എനിക്ക് പറയാനുള്ളത്.

പൊതുമേഖലാസ്ഥാപനങ്ങളിലായാലും ഡിപ്പാർട്ടുമെൻറുകളിലായാലും പി.എസ്.സി. മുഖേന നിയമനം നടത്തുമ്പോൾ ഇവിടെയുള്ള ഏറ്റവും ദുർബ്ബല വിഭാഗങ്ങൾക്ക് ജോലി കിട്ടുവാനുള്ള സംവിധാനം ഉണ്ടാക്കണം. കേരളം പോലെയുള്ള പ്രബുദ്ധമായ സംസ്ഥാനത്ത് ഇപ്രകാരം ഒരു സംവിധാനം നിലനിൽക്കുന്നത് തന്നെ അപമാനമാണ്. കാരണം കേരള സംസ്ഥാനത്തിലുള്ള ഏറ്റവും പിന്നോക്കം നിൽക്കുന്ന വിഭാഗക്കാർക്ക് 44-ത്തെ ഊഴമാണ് നിയമനത്തിൽ കൊടുക്കുന്നത് എന്നു പറയുമ്പോൾ എന്തൊരു വിരോധാഭാസമാണ്? ഒരു റാങ്ക്ലിസ്റ്റിൽനിന്ന് 44 പേരെ നിയമിക്കാനുള്ള സാഹചര്യം വളരെ കുറവാണ്. നൂറോ, ഇരുന്നൂറോ അഞ്ഞൂറോ പോസ്റ്റുകൾ ഒന്നായി ഒഴിവുവന്നാൽ മാത്രമേ അവർക്ക് നിയമനം ലഭിക്കുകയുള്ളൂ. അതുകൊണ്ട് പട്ടിക വർഗ്ഗക്കാരെ സംബന്ധിച്ചിടത്തോളം ഏറ്റവും പ്രധാനപ്പെട്ട ഈ കാര്യങ്ങൾ ചെയ്തുതരണം. പി.എസ്.സി. നിയമനം നടത്തുന്നതോടൊപ്പം പട്ടികവർഗ്ഗക്കാരുടെ ഊഴം 44-ൽ നിന്ന് പത്തിനു താഴെയെങ്കിലും കൊണ്ടുവരണം. അങ്ങനെ കൊണ്ടുവന്നാൽ മാത്രമേ പി.എസ്.സി.യിലൂടെ നിയമനം നടത്തിയാലും സമൂഹത്തിലുള്ള ഏറ്റവും ദുർബ്ബല വിഭാഗങ്ങൾക്ക് നിയമനം കിട്ടുകയുള്ളൂ. സ്പെഷ്യൽ റിക്രൂട്ടുമെൻറു മുഖേന പട്ടികജാതി പട്ടികവർഗ്ഗക്കാർക്ക് നിയമനം നടത്തുന്നുണ്ടെങ്കിൽത്തന്നെയും അതിൽ ഏറ്റവും പിന്നോക്കം നിൽക്കുന്ന പട്ടിക വർഗ്ഗക്കാരെ സംബന്ധിച്ചിടത്തോളം അത് പലപ്പോഴും കിട്ടാറില്ല. പട്ടികജാതിക്കാരില്ലാത്തപക്ഷം പട്ടിക വർഗ്ഗക്കാർക്കു കൊടുക്കണം. പി.എസ്.സി. മുഖേന പൊതുമേഖലാസ്ഥാപനങ്ങളിൽ നിയമനം നടത്തിയാലും ഡിപ്പാർട്ടുമെൻറിൽനിന്ന് നിയമനം നടത്തിയാലും സമൂഹത്തിലെ ഏറ്റവും പിന്നോക്കം നിൽക്കുന്ന പട്ടിക

LIBRARY ARCHIVES Kerala Legislative Assembly

വർഗ്ഗക്കാരുടെ നിയമനത്തിനുവേണ്ടി അവരുടെ സാമുദായികമായ ഊഴം 44-ൽനിന്ന് കുറയ്ക്കണമെന്ന് പറഞ്ഞുകൊണ്ട് ഞാൻ അവസാനിപ്പിക്കുന്നു.

ശ്രീ. സി. കെ. തങ്കപ്പൻ: ഞാൻ എന്റെ ഭേദഗതികൾ അവതരിപ്പിക്കുന്നു. പ്രമേയത്തിൽ ''ഏകീകൃതരൂപത്തിലാക്കണമെന്നും'' എന്നതിനുശേഷം ''പൊതുമേഖലാ സ്ഥാപനങ്ങളിൽ നിയമനം നടത്തുമ്പോൾ 20 ശതമാനം സീറ്റുകളിൽ സംവരണതത്വം അനുസരിച്ച് ഹരിജനങ്ങളെ നിയമിക്കണമെന്നും'' എന്ന് കൂട്ടിച്ചേർക്കുക.

പ്രമേയത്തിൽ ''ഏകീകൃത രൂപത്തിലാക്കണമെന്നും'' എന്നതിനുശേഷം ''കേരളത്തിൽ പ്രൈവറ്റു വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ നടത്തുന്ന പതിനായിരക്കണക്കിന് നിയമനങ്ങളിൽ ഹരിജൻ സംവരണതത്വം നടപ്പിലാക്കി, ഹരിജനങ്ങളെ സഹായിക്കണം'' എന്നു ചേർക്കുക.

ശ്രീ. സി. കെ. ചക്രപാണി: ഞാൻ എന്റെ ഭേദഗതി അവതരിപ്പിക്കുന്നു. പ്രമേയത്തിൽ ''സമയബന്ധിതമായി'' എന്നതിനു പകരം ''1986 സെപ്തംബർ 30'' നകം എന്ന് ചേർക്കുക.

(അദ്ധ്യക്ഷവേദിയിൽ ശ്രീ. കെ. സി. ജോസഫ്)

ശ്രീ. എ. കെ. പത്മനാഭൻ: സർ, ശ്രീ. കാർത്തികേയൻ ഇവിടെ അവതരിപ്പിച്ച പ്രമേയത്തെ ഞാൻ പിന്താങ്ങുന്നു. കാർത്തികേയൻ മൂല്യാധിഷ്ഠിത രാഷ്ട്രീയത്തിൽ വിശ്വസിക്കുന്ന ആളാണല്ലോ. അദ്ദേഹം ഇവിടെ പറഞ്ഞു കാര്യമേ ബന്ധമായിട്ടും രക്തബന്ധമായിട്ടും.....

വിദ്യുച്ഛക്തി വകുപ്പുമന്ത്രി (ശ്രീ. ആർ. ബാലകൃഷ്ണപിള്ള:) ജലമലിനജല അതോറിറ്റിയിൽ നിയമനം നടത്താൻ സംവകാശമുള്ള കാലഘട്ടത്തിൽ നടത്തിയ നിയമനത്തിന്റെ അടിസ്ഥാനത്തിൽ ജോലികിട്ടിയവരെ പിരിച്ചുവിട്ടാൽ അവർക്ക് കോടതിയിൽ പോകാനും തിരിച്ചുവരാനും ഉള്ള അധികാരമുണ്ടെന്ന് ബഹുമാനപ്പെട്ട മെമ്പർക്കറിയാമോ? സ്റ്റാറ്റ്യൂട്ടറിയായി അവർക്കുള്ള അവകാശം അവർ ഉപയോഗിച്ചിരിക്കുകയാണ്. എങ്ങനെ ഉപയോഗിച്ചു എന്നുള്ളതു വേറെ കാര്യം.

ശ്രീ. എ. കെ. പത്മനാഭൻ: ഞാൻ അതിന്റെ സാങ്കേതികത്വത്തിലേക്ക് കടക്കുകയല്ല. കാർത്തികേയൻ ഈ പ്രമേയം അവതരിപ്പിച്ചതുകൊണ്ടാണ് ഞാൻ പറഞ്ഞത്. കാരണം തത്പാധിഷ്ഠിത രാഷ്ട്രീയത്തിന്റെ കേരളത്തിലെ അവതാര പുരുഷനാണല്ലോ ശ്രീ. കാർത്തികേയൻ. ഏകകക്ഷിഭരണം എന്ന മുദ്രാവാക്യം ഉയർത്തിയ സന്ദർഭത്തിൽ ഒരു മന്ത്രിസഭയിൽ അംഗമാകരുത് എന്നു വിചാരിച്ചിട്ടാണ് കാർത്തികേയൻ മന്ത്രിസഭയിൽ നിന്ന് ഒഴിഞ്ഞുനിൽക്കുന്നതും രമേശിനെ മന്ത്രിയാക്കിയതും. അതുകൊണ്ടാണ് ഞാൻ ഭേദഗതി കൊടുത്തത്. മറ്റാരെങ്കിലുമായിരുന്നെങ്കിൽ ഞാൻ ഭേദഗതി കൊടുക്കുമായിരുന്നില്ല. അദ്ദേഹത്തിന്റെ ബന്ധുക്കൾക്കാർക്കും ജല-മലിനജല അതോറിറ്റിയിൽ നിയമനം ലഭിച്ചിട്ടില്ലെന്നു പറഞ്ഞിട്ടുണ്ട്. പക്ഷേ ഗംഗാധരൻ കൊടുത്ത കടലാസ് അനുസരിച്ച് ഒരു ജയശ്രീയെ കാണുന്നുണ്ട്. കാർത്തികേയന്റെ ലെറ്റർ പാഡിൽ അനുജത്തി എന്നെഴുതിയിരുന്നതായിട്ടാണ് കാണുന്നത്. അത് കർമ്മബന്ധമോ രക്തബന്ധമോ എന്നൊന്നും എനിക്കറിയില്ല. ഏതായാലും ശരി യുവജനങ്ങളുടെ പ്രതിനിധിയായിട്ടാണല്ലോ കാർത്തികേയൻ ഈ പ്രമേയം അവതരിപ്പിച്ചിരിക്കുന്നത്. ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ രജിസ്റ്റർ ചെയ്ത തൊഴിൽ

LIBRARY ARCHIVES Kerala Legislative Assembly

രഹിതരുടെ എണ്ണം ആറേകാൽ ലക്ഷത്തോളം വർദ്ധിച്ചിട്ടുണ്ട്. അവർ വേഴാമ്പലിനെപ്പോലെ ജോലിക്കുവേണ്ടി കാത്തിരിക്കുകയാണ്. ഇവർക്കെല്ലാം ജോലി കൊടുക്കാൻ ഏതു ഗവൺമെൻറ് വിചാരിച്ചാലും ഇന്നത്തെ സാമൂഹ്യ വ്യവസ്ഥയിൽ നടക്കും എന്നുള്ള വിശ്വാസം എനിക്കില്ല. എന്നാൽപോലും അത്രയും തൊഴിൽ രഹിതരായ ആളുകളെ കബളിപ്പിച്ചുകൊണ്ട് അവരിൽ നിന്ന് ഫീസ് ഈടാക്കിക്കൊണ്ട് അവരെ തൊഴിലിനു വണ്ടി തെരുവുതെണ്ടികളാക്കി നിറുത്തുന്ന ഒരർപ്പാടാണിവിടെ ഉള്ളത്. പി. എസ്. സി. റാങ്ക്‌ലിസ്റ്റ് പ്രസിദ്ധീകരിക്കുന്നു. അത് ഇടയ്ക്കിടക്ക് പുതുക്കി ആദ്യം നിയമനംകിട്ടിയ ആളുകൾക്ക് പിന്നീട് നിയമനം കിട്ടാത്ത അവസ്ഥ ഉണ്ടാക്കി, പി. എസ്. സി. ഒരു വിനോദമാണ് നമ്മുടെ സംസ്ഥാനത്ത് നടത്തിക്കൊണ്ടിരിക്കുന്നത്. ഓഫീസുകളിലെ ഒഴിവുകൾ തക്കസമയത്ത് പി. എസ്.സി.യെ അറിയിക്കുന്നില്ല. ഒഴിവുകൾ അറിയിച്ച് തക്കസമയത്തുതന്നെ നിയമനം നടത്താനുള്ള നടപടികൾ ഗവൺമെൻറിൻെറ ഭാഗത്തു നിന്നുണ്ടാകണം.

സർ, അതോടൊപ്പം, ഈ ക്രമവിരുദ്ധമായ നിയമനങ്ങൾ റദ്ദാക്കണമെന്ന ആവശ്യം ഞാൻ ഉന്നയിക്കുകയാണ്. നമ്മുടെ സംസ്ഥാനത്ത് ഒട്ടേറെ പൊതുമേഖലാ സ്ഥാപനങ്ങൾ ഉണ്ട്. അവിടെ ഇന്ന് എന്താണ് നടക്കുന്നത്? വെയർ ഹൗസിംഗ് കോർപ്പറേഷനെപ്പറ്റിയുള്ള പരാതികൾ വന്നു. ആ വെയർ ഹൗസിംഗ് കോർപ്പറേഷൻ 375 ഓളം ആളുകളെ ക്രമരഹിതമായി നിയമിച്ചു. അതിനാണെങ്കിൽ പതിനായിരം രൂപ, ഇരുപത്തായ്യായിരം രൂപാ അൻപതിനായിരം രൂപ, ആ രീതിയിലാണ് കൈക്കൂലി വാങ്ങിയിട്ടുള്ളത്. പൊതുമേഖലാസ്ഥാപനങ്ങളിൽ ആകെ ഇന്ന് അഴിമതി നടമാടിക്കൊണ്ടിരിക്കുകയാണ്. പബ്ലിക് സർവ്വീസ് കമ്മീഷൻ കുറേമാറ്റാണെന്നുള്ള അഭിപ്രായം ഉള്ളതുകൊണ്ട്, അല്ല ഇത് പറയുന്നത്. എന്നാൽപ്പോലും നീതി നിർവഹിക്കപ്പെടുന്നു എന്നുള്ള ഒരു തോന്നൽ പബ്ലിക് സർവ്വീസ് കമ്മീഷൻെറ നിയമനത്തിൽക്കൂടിവന്നാൽ ഉണ്ടാകും. അതുകൊണ്ട് ഈ പൊതുമേഖല സ്ഥാപനങ്ങളിലെ നിയമനമാകെ പബ്ലിക് സർവ്വീസ് കമ്മീഷനു വിടണം. അതുപോലെ സ്വകാര്യ വിദ്യാഭ്യാസ സ്ഥാപനങ്ങളും, അവിടെ ആണെങ്കിൽ കോഴവാങ്ങുന്നത് അൻപതിനായിരവും, എഴുപതിനായിരവും, ഒരുലക്ഷത്തിലുമധികവുമായി വർദ്ധിച്ചിരിക്കുകയാണ്. സ്വകാര്യ കോളേജുകളിലൊക്കെ ലക്ഷത്തിലധികം രൂപയായി വർദ്ധിച്ചിരിക്കുന്നു. അദ്ധ്യാപകരുടെ നിയമനത്തിൽ ഈ സ്വകാര്യ വിദ്യാലയങ്ങളിലെ നിയമനം പി. എസ്. സി.ക്ക് വിടാൻ ആവശ്യമായ നടപടി ഗവൺമെൻറിൻെറ ഭാഗത്തുനിന്ന് ഉണ്ടാകണം. ആത് മാർത്ഥതയോടുകൂടിയാണ് ശ്രീ. കാർത്തികേയൻ ഈ പ്രമേയം അവതരിപ്പിച്ചതെങ്കിൽ ഞാൻ അക്കം ഉന്നയിച്ച കാര്യങ്ങൾ ഉൾപ്പെടെ സ്വീകരിച്ചുകൊണ്ട് ഈ പ്രമേയം അദ്ദേഹം അംഗീകരിക്കണമെന്നാണ് എനിക്ക് പറയുവാനുള്ളത്.

സർ, ഇന്ന് നമ്മുടെ സംസ്ഥാനത്താകെ എല്ലാ മേഖലകളിലും അഴിമതി കൊടികുത്തി വാഴുന്നു. അത് ഏറ്റവുമധികം വർദ്ധിച്ചത് സ്വകാര്യ വിദ്യാഭ്യാസ സ്ഥാപനങ്ങളിലാണ്. ആ വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ ഇപ്പോഴും ചില ആളുകൾ കൈക്കൂലി വാങ്ങുന്നില്ല. അതുപോലെ പ്രവേശനത്തിന് അദ്ധ്യാപകരിൽ നിന്നായാലും വിദ്യാർത്ഥികളിൽ നിന്നായാലും കോഴ വാങ്ങുന്നില്ലായെന്നൊക്കെ പറഞ്ഞിട്ടുണ്ട്. ഇതെല്ലാം നല്ല കാര്യമാണ്. ഈ മേഖലകളിലാകെയുള്ള അഴിമതി അവസാനിപ്പിക്കണമെങ്കിൽ അവിടെയുള്ള നിയമനത്തിൻെറ എല്ലാ കാര്യങ്ങളും പബ്ലിക് സർവ്വീസ് കമ്മീഷനു വിട്ടുകൊടുക്കാനുള്ള നടപടികൾ ഉണ്ടാകണം.

LIBRARY ARCHIVES Kerala Legislative Assembly

അതുപോലെതന്നെ പൊതുമേഖലാ സ്ഥാപനങ്ങളിൽ ചില സ്ഥലത്ത് തിരഞ്ഞെടുക്കപ്പെട്ട റാങ്ക് ലിസ്റ്റിനെ അവഗണിച്ചുകൊണ്ടാണ് ആളുകളെ നിയമിക്കുന്നത്. എങ്ങനെയാണ് ഈ നിയമനം നടക്കുന്നതെന്ന് അറിയില്ല. അരൂരിലെ കെൽട്രോണിന്റെ സ്ഥാപനത്തിൽ ഒരു നിയമനം നടന്നു. അവിടെ പത്താമത്തെ റാങ്ക് കിട്ടിയ ആളിനെ മറികടന്നുകൊണ്ട് പന്ത്രണ്ടും, പതിമൂന്നും റാങ്കു കിട്ടിയ ആളുകളെ നിയമിച്ചിരിക്കുന്നു. റിസർവേഷൻ തത്വങ്ങളും പൂർണ്ണമായും പാലിച്ചതിനുശേഷവും ഈ റാങ്കുകാരെ മറികടന്നുകൊണ്ട് നിയമനം നടത്തുകയാണ്. ഇങ്ങനെ റാങ്കുകളും മറികടന്നുകൊണ്ടും അതുപോലെ നിയമിക്കുന്നതിനുള്ള ഓർഡറുകളുമെല്ലാം മറികടന്നുകൊണ്ടും നിയമനങ്ങളും നടക്കുന്നു. ഈ നിയമനങ്ങൾക്കൊക്കെ പിന്നിലുള്ളത് അഴിമതിയാണ്. അതുകൊണ്ട് ഈ അഴിമതി അടിയന്തിരമായി തടയണമെങ്കിൽ, പൊതുമേഖലാസ്ഥാപനങ്ങളുടെ മുഴുവൻ നിയമനങ്ങളും പബ്ലിക്ക് സർവ്വീസ് കമ്മീഷനു വിട്ടുകൊടുത്തുകൊണ്ടുള്ള നടപടികളും സ്വീകരിക്കണം. പി. എസ്. സി. റാങ്ക് ലിസ്റ്റിൽ വന്ന ആളുകളെ മുഴുവൻ നിയമിക്കാനുള്ള നടപടിയുണ്ടായിരിക്കണം. ഒന്നോ, രണ്ടോ വർഷം കഴിയുമ്പോൾ ലിസ്റ്റ് റദ്ദാക്കിക്കൊണ്ട് പുതിയ ലിസ്റ്റിനു രൂപം കൊടുക്കുകയും, അതിന്റെ ഫലമായിട്ട് ലക്ഷക്കണക്കിനു വരുന്ന നമ്മുടെ സംസ്ഥാനത്തെ തൊഴിൽ രഹിതരായ ചെറുപ്പക്കാർ പരീക്ഷയ്ക്കുവേണ്ടി മൈലുകളോളം ദൂരം പോയി പരീക്ഷ എഴുതി റാങ്ക് ലിസ്റ്റിനുവേണ്ടി കാത്തിരിക്കുകയും ചെയ്യുന്ന സ്ഥിതി അവസാനിപ്പിക്കണം. ഈ പ്രമേയത്തെ ഒരിക്കൽ കൂടി പിൻതാങ്ങുന്നു. അതുപോലെ ഈ പ്രമേയം അദ്ധ്യേം പിൻവലിക്കരുതെന്ന് കൂടി അഭ്യർത്ഥിക്കുകയാണ്.

ശ്രീ. ഇ.ടി. മുഹമ്മദ് ബഷീർ: സർ, ശ്രീ. ജി. കാർത്തികേയൻ ഇവിടെ അവതരിപ്പിച്ച പ്രമേയത്തെ ഞാൻ അനുകൂലിക്കുകയാണ്. വളരെ പ്രധാനപ്പെട്ട ഒരു പ്രശ്നത്തെപ്പറ്റിയാണ്, ശ്രീ. കാർത്തികേയന്റെ പ്രമേയം വിരൽ ചൂണ്ടുന്നത്. നമ്മുടെ ഇന്ത്യയിലെ ജനസംഖ്യയുടെ 3.7 ശതമാനത്തെയാണ് കേരളം പ്രതിനിധീകരിക്കുന്നതെങ്കിലും തൊഴിലില്ലായ്മയുടെ 10.5 ശതമാനത്തെ നമ്മുടെ സംസ്ഥാനം പ്രതിനിധീകരിക്കുന്നു എന്ന് മനസ്സിലാക്കുമ്പോൾ തന്നെ എത്ര രൂക്ഷമായ തൊഴിലില്ലായ്മയാണ് നമ്മുടെ സംസ്ഥാനത്ത് ഇന്നുള്ളതെന്ന് നമുക്കു മനസ്സിലാക്കാൻ സാധിക്കും. അദ്ദേഹത്തിന്റെ പ്രമേയത്തിൽ ചൂണ്ടിക്കാണിച്ചതുപോലെ അഭ്യസ്തവിദ്യർക്ക് നമ്മുടെ രാജ്യത്ത് വമ്പിച്ച തോതിൽ തൊഴിലില്ലായ്മ അനുഭവപ്പെടുകയാണ്. 1014 ഡോക്ടർമാരുടെ ഒഴിവുകളും, 2254 എഞ്ചിനിയർമാരുടെ ഒഴിവുകളും 11,986 ഡിപ്ലോമക്കാരുടെ ഒഴിവുകളും, 48,788 ഐ. റ്റി. ഐ. സർട്ടിഫിക്കറ്റ് ഹോൾഡേഴ്സിന്റെ ഒഴിവുകളും, 252 അഗ്രികൾച്ചറൽ ഗ്രാഡ്വേറ്റിന്റെ ഒഴിവുകളും നമ്മുടെ സംസ്ഥാനത്ത് ഇപ്പോഴും നിലവിലുണ്ടെന്നാണ് ഇക്കണോമിക്ക് റെവ്യൂവിൽ പറഞ്ഞിട്ടുള്ള കണക്ക്. ഇത്രയും രൂക്ഷമായ വിധത്തിൽ അഭ്യസ്തവിദ്യരുടെ തൊഴിലില്ലായ്മ നിലനിൽക്കുന്ന നമ്മുടെ സംസ്ഥാനത്ത് പി. എസ്. സി. മുഖേന നടക്കുന്ന നിയമനങ്ങൾക്ക് ഒരു ത്രീ-ടയർ ഡിലേ സിസ്റ്റം നിലനിൽക്കുന്നു എന്നാണ് എനിക്ക് ചൂണ്ടിക്കാണിക്കാനുള്ളത്.

ഒന്ന്, വേക്കൻസികളുണ്ടായിട്ടും യഥാസമയം പി. എസ്. സി. യെ അറിയിക്കാത്തതിന്റെ ഫലമായി ഉണ്ടാകുന്ന കാലതാമസം, അതുപോലെതന്നെ ടെമ്പററി-ഹാൻഡ്സ് തുടരുന്നതിന്റെ ഫലമായിട്ടുണ്ടാകുന്ന

LIBRARY ARCHIVES Kerala Legislative Assembly

കാലതാമസം. രണ്ടാമത്, പി. എസ്. സി. ക്ക് പ്രോസസ് ചെയ്യാൻ ഉണ്ടാകുന്ന കാലതാമസം. മൂന്ന്, പി. എസ്. സി. അഡ്വൈസ് ചെയ്തിട്ടും നടപ്പിലാക്കാൻ ഉണ്ടാകുന്ന കാലതാമസം. സർ, ശ്രീ. കാർത്തികേയൻ അദ്ദേഹത്തിന്റെ പ്രസംഗത്തിൽ ചൂണ്ടിക്കാണിച്ചതു പോലെ ടെംപററി ഹാൻഡ്സിനെ ഇഷ്ടംപോലെ നിയമിക്കുന്ന ഒരു സംവിധാനം ഇപ്പോഴുമുണ്ട്. അത് നടപടി ചട്ടങ്ങളെപ്പോലും ലംഘിച്ചുകൊണ്ടാണ് നടത്തുന്നത്. പി. എസ്. സി. യുടെ ആനുവൽ റിപ്പോർട്ടിൽ ഈ കാര്യം പറയുന്നുണ്ട്.

Regulation '5' of the Kerala Public Service Commission (Consultation) Regulations, 1957 empowers the appointing authorities to make temporary appointments without reference to the Commission. If the temporary hands so appointed are to be continued beyond the period of six months, the concurrence of the Commission has to be obtained sufficiently in advance. Some of the appointing authorities have failed to seek the concurrence of the Commission at the appropriate time. വളരെ ഗൗരവമായിട്ടുള്ള കാര്യമാണിത്. നിയമത്തെപോലും ലംഘിച്ചുകൊണ്ട് ടെംപററി ഹാൻഡ്സിനെ തുടരാൻ അനുവദിക്കുന്ന സംവിധാനം വളരെ തെറ്റാണ്. തീർച്ചയായിട്ടും അക്കാര്യത്തിന് അവസാനം ഉണ്ടാക്കേണ്ടത് അനിവാര്യമാണെന്ന് ഞാൻ ഇവിടെ ചൂണ്ടിക്കാണിക്കുകയാണ്. അതുപോലെ തന്നെ പി.എസ്.സി. ക്ക് കിട്ടിയിട്ടും നടപ്പിലാക്കാൻ വേണ്ടിവരുന്ന കാലതാമസം. ശ്രീ. കാർത്തികേയൻ സൂചിപ്പിച്ചതുപോലെ പുതിയ സംവിധാനങ്ങളൊക്കെ നിലനിൽക്കുന്ന ഈ കാലത്ത് അപേക്ഷകൾ പ്രോസസ് ചെയ്യാൻപോലും ഇത്രയധികം കാലതാമസം വരുന്നു എന്നുള്ളതു കുറ്റകരമായ ഒരു കാര്യമാണ്. പല ഓഫീസുകളിലും വേണ്ടത്ര സൗകര്യങ്ങളില്ല. ആനുവൽ റിപ്പോർട്ടിൽ അക്കാര്യം പറഞ്ഞിട്ടുണ്ട്.

Most of the District Offices are housed in rented buildings. Many of them lack adequate facilities for the proper functioning. The staff sanctioned to the district offices are also not adequate. ഈ കാര്യങ്ങൾ കൂടി കണക്കിലെടുത്തുകൊണ്ട് തീർച്ചയായിട്ടും ഇതിന്റെ ഫലമായിട്ടു വരുന്ന കാലതാമസം കഴിവാക്കാനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.

അതുപോലെ തന്നെ മറ്റൊരു കാര്യം ഇവിടെ ചൂണ്ടിക്കാണിക്കാനുള്ളത്, പി. എസ്. സി. ആളുകളെ അഡ്വൈസ് ചെയ്തിട്ടുപോലും നിയമിക്കുന്നതിനു വേണ്ടിവരുന്ന കാലതാമസമാണ്. ഞാൻ നേരത്തെ പറഞ്ഞതുപോലെ ഇത്രയധികം ഉദ്യോഗാർത്ഥികൾ ജോലിക്കുവേണ്ടി കാത്തിരിക്കുന്ന കാലത്ത് പി. എസ്. സി. അഡ്വൈസ് ചെയ്തിട്ടുപോലും ആളുകളെ നിയമിക്കാത്ത സാഹചര്യമുണ്ടെന്നത് മാത്രമല്ല അക്കാര്യത്തിൽ ഉത്തരവാദിത്വക്കുറവുമുണ്ട്.

Delay in appointing candidates advised by the Commission എന്നു പറഞ്ഞുകൊണ്ട് അവരുടെ ആനുവൽ റിപ്പോർട്ടിൽ പറഞ്ഞിട്ടുള്ള വളരെ പ്രസക്തമായ ഒരു കാര്യം ഞാൻ ഇവിടെ ചൂണ്ടിക്കാണിക്കുകയാണ്:

LIBRARY ARCHIVES Kerala Legislative Assembly

The Commission while advising candidates for recruitment make a request to the appointing authorities to report the date on which each candidate joins duty. Though this information is usually supplied by the departments there had been instances during the year under report also where the above informotion was not promptly furnished. The details of delay in appointing candidates advised by the Commission and of not having intimated the dates of their joining duty are given in Appendix XIX. എന്നു പറഞ്ഞിട്ട് അതിൽ ഒരു പട്ടിക കൊടുത്തിട്ടുണ്ട്. വളരെ ഗൗരവമായിട്ടുള്ള കാര്യമാണ്. ഈ റിപ്പോർട്ട് തയ്യാറാക്കുന്നത് 1983 മാർച്ചിൽ ആണ്. ഒന്നുരണ്ടു കൊല്ലം കഴിഞ്ഞിട്ടുപോലും ഇവരെ നിയമിച്ചിട്ടുണ്ടോ ഇല്ലയോ എന്നുള്ള വിവരം, നിയമപരമായിട്ട് പി.എസ്.സി.യെ അറിയിക്കേണ്ട വിവരംപോലും ചില ഡിപ്പാർട്ടുമെൻറുകളിൽനിന്ന് അറിയിച്ചിട്ടില്ലായെന്നാണ് പി. എസ്. സി. യുടെ ആനുവൽ റിപ്പോർട്ടിൽ കാണുന്നത്. ഇത്തരം കാര്യങ്ങംവച്ചുനോക്കുമ്പോൾ തീർച്ചയായിട്ടും ഈ കാര്യത്തിൽ ഉണ്ടാകുന്ന ഗവൺമെൻറിന്റെ ഉത്തരവാദിത്വമില്ലായ്മ പരിഹരിക്കണം. പി.എസ്.സി. ക്ക് ഇക്കാര്യം സമർത്ഥമായും വിദഗ്ദ്ധമായും വേഗത്തിലും നടത്താനുള്ള സാഹചര്യമുണ്ടാക്കണം. അങ്ങനെ നമ്മുടെ ഇൻഡ്യാരാജ്യത്ത് തൊഴിലില്ലായ്മയുടെ 10.5 ശതമാനത്തോളം വരുന്ന ജനവിഭാഗത്തെ പ്രതിനിധീകരിക്കുന്ന കേരളത്തിന്റെ രൂക്ഷമായ ഈ പ്രശ്നത്തിന് ഒരു പരിധിവരെയെങ്കിലും പരിഹാരമുണ്ടാക്കാൻ ഉള്ള ഒഴിവുകൾ എങ്കിലും നികത്തുന്നതിന് ആവശ്യമായിട്ടുള്ള സാഹചര്യം ഇതുവഴി ഉണ്ടാക്കണം. സമയബന്ധിതമായിട്ടുതന്നെ ആ കാര്യം പരിഹരിക്കുന്നതിന് ആവശ്യമായ സാഹചര്യം ഉണ്ടാക്കണം. ശ്രീ. കാർത്തികേയൻ ചൂണ്ടിക്കാണിച്ച എല്ലാ കാര്യങ്ങളോടും ഞാൻ യോജിക്കുകയാണ്. പൊതുമേഖലാ സ്ഥാപനങ്ങളിലെ നിയമനങ്ങളെക്കെ എല്ലാ നിയമനങ്ങളും പബ്ലിക്ക് സർവീസ് കമ്മീഷനെ ഏൽപ്പിക്കണമെന്നതും വളരെ ശ്രദ്ധേയമായ കാര്യമാണ്. ഈ പ്രസക്തമായിട്ടുള്ള കാര്യങ്ങൾകൊണ്ട് അദ്ദേഹത്തിന്റെ പ്രമേയത്തെ ശക്തമായി അനുകൂലിച്ചുകൊണ്ട് ഞാൻ നിർത്തുന്നു.

ശ്രീ. കാനം രാജേന്ദ്രൻ: സർ, ശ്രീ. കാർത്തികേയൻ ഇവിടെ അവതരിപ്പിച്ച പ്രമേയത്തോട് ഞാൻ യോജിക്കുകയാണ്. അദ്ദേഹം അദ്ദേഹത്തിന്റെ മുൻ അഭിപ്രായങ്ങളിലൊക്കെ ഉറച്ചുനിന്നിട്ടുള്ളതുപോലെ ഈ പ്രമേയത്തിലും ഉറച്ചുനിൽക്കുമെന്ന് ഞാൻ പ്രതീക്ഷിക്കുന്നു. ഈ പ്രമേയത്തിൽ പ്രധാനമായിട്ടും അദ്ദേഹം ചൂണ്ടിക്കാണിച്ചിരിക്കുന്നത് പൊതുമേഖലാസ്ഥാപനങ്ങളിലെ നിയമനം പി. എസ്. സി. യെ ഏൽപ്പിക്കണമെന്നുള്ളതാണ്. പൊതുമേഖലാസ്ഥാപനങ്ങളെ എന്നു പറയുമ്പോൾ അതിന്റെ നിർവചനത്തിനുള്ളിൽ അർദ്ധസർക്കാർ സ്ഥാപനങ്ങളും, അതുപോലെതന്നെ ഗവൺമെൻറിന്റെ ക്ഷേമനിധി ബോർഡുകളുംകൂടി ഉൾപ്പെടുത്തണമെന്ന ഒരു ഭേദഗതികൂടി ഞാൻ വാക്കാൽ ഇവിടെ അവതരിപ്പിക്കുകയാണ്. ഈ പൊതുമേഖലാസ്ഥാപനങ്ങളിൽതന്നെ തിരഞ്ഞെടുക്കപ്പെട്ട റാങ്ക്ലിസ്റ്റ് അനുസരിച്ചുള്ള ആളുകൾക്കുപോലും ജോലിചെയ്യാനുള്ള അവസരം ലഭിക്കാത്ത സാഹചര്യമുണ്ട്. ഇവിടെ ചൂണ്ടിക്കാണിച്ചത് കെ.എസ്.ആർ.ടി.സി. യിലെ കാര്യമാണ്. അതുപോലെതന്നെ റാങ്ക്ലിസ്റ്റിൽവന്ന ആളുകൾ

LIBRARY ARCHIVES Kerala Legislative Assembly

പുറത്തുനിൽക്കുകയും പകരം താൽക്കാലികാടിസ്ഥാനത്തിൽ എടുത്ത ആളുകളെ ജോലി ചെയ്യുകയും ചെയ്യുന്ന സാഹചര്യം ഇന്നും കേരളത്തിലെ പൊതുമേഖലാസ്ഥാപനങ്ങളിലുണ്ട്.

സർ, എത്തെല്ലാം റാങ്ക്ലിസ്റ്റുകളുടെ കാലാവധി 11 a.m] അവസാനിച്ചു എന്ന ചോദ്യത്തിന് വിവരം ശേഖരിച്ചു വരുന്നു എന്ന മറുപടിയാണ് കിട്ടിയത്. പ്രധാനപ്പെട്ട പല ഡീപ്പാർട്ടുമെന്റുകളുടെയും റാങ്ക്ലിസ്റ്റുകളുടെ കാലാവധി നിയമനമില്ലാതെ ഇപ്പോഴും ഒരുവർഷക്കാലത്തേക്കുകൂടി നീട്ടിക്കൊടുത്തതു അവസാനിച്ചിരിക്കുകയാണ്. ദശലക്ഷക്കണക്കിന് തൊഴിലില്ലാത്ത ചെറുപ്പക്കാരുള്ള ഈ സംസ്ഥാനത്ത് പി.എസ്.സി. യുടെ പ്രവർത്തനം വിപുലപ്പെടുത്തുകയും, കാര്യക്ഷമമാക്കുകയും ചെയ്യണമെന്നു പലപ്രാവശ്യം ഈ നിയമസഭയിൽ ആവശ്യപ്പെട്ടിട്ടുള്ളതാണ്. ഇന്ന് അതിനുള്ള സൗകര്യങ്ങൾ കൊടുക്കുന്നില്ല. ഒരു റാങ്ക്ലിസ്റ്റ് നിലവിൽവന്നാൽ വർഷങ്ങൾ കഴിഞ്ഞാലും ആ ലിസ്റ്റിൽനിന്ന് ആരെയും നിയമിക്കാതെ ആ ലിസ്റ്റ് ക്യാൻസലായിപ്പോകുന്ന സ്ഥിതിവിശേഷമുണ്ട്. അപ്പോഴേക്കും വീണ്ടുമൊരു ഉദ്യോഗത്തിന് അപേക്ഷിക്കാൻ പോലും പറ്റാത്തവിധം ഉദ്യോഗാർത്ഥികളുടെ പ്രായപരിധി കവിഞ്ഞുപോകും. ഇതിനൊക്കെയൊരു പരിഹാരമുണ്ടാക്കാനുള്ള പരിശ്രമം നടത്തണം. ചുമട്ടുതൊഴിലാളി ക്ഷേമനിധി ബോർഡ്, മോട്ടോർ ട്രാൻസ്പോർട്ട് വർക്കേഴ്സ് വെൽഫെയർ ഫണ്ട് തുടങ്ങി പല ബോർഡുകളിലേക്കും നേരിട്ട് നിയമനം നടത്തുന്നുണ്ട്. ചുമട്ടുതൊഴിലാളി ക്ഷേമനിധിബോർഡിലേക്ക് നേരിട്ട് നിയമനം നടത്തുന്നതിനുവേണ്ടി ഒരു റിട്ടയേർഡ് ഉദ്യോഗസ്ഥനെ നിയമിക്കുകയുണ്ടായി. വാട്ടർ അതോറിറ്റി വേസ്റ്റ് വാട്ടർ അതോറിറ്റിയുടെ കാര്യം ഇവിടെ പറഞ്ഞു. അതിലും ചുമട്ടുതൊഴിലാളി ക്ഷേമനിധി ബോർഡിലും നിയമനം നടത്തുന്നതിനുവേണ്ടിയുള്ള റൂംസ് ലെജിസ്ലേച്ചർ സ്ക്രൂട്ടിണിയില്ലാതെ, നിയമവകുപ്പിന്റെ അംഗീകാരമില്ലാതെയാണ് പ്രസിദ്ധീകരിക്കുകയും സെലക്ഷൻ നടത്തുകയും ചെയ്തത്.

ശ്രീ കെ. പങ്കജാക്ഷൻ: നിയമിച്ചുകഴിഞ്ഞതിനുശേഷമാണ് യോഗ്യതകുറഞ്ഞതെന്നും നിർണ്ണയിച്ചതെന്ന വസ്തുത മെമ്പർക്കറിയാമോ?

ശ്രീ. കാനം രാജേന്ദ്രൻ: നിയമിച്ചുകഴിഞ്ഞതിനുശേഷം യോഗ്യത നിർണ്ണയിച്ചതിനെക്കുറിച്ച് ഞങ്ങൾ നേരത്തെ ആരോപണം ഉന്നയിച്ചിരുന്നതാണ്. ഇങ്ങനെയുള്ള കാര്യങ്ങൾ ചെയ്യുമ്പോൾ പി.എസ്.സി.ക്കു എന്തുകൊണ്ട് കൊടുക്കുന്നില്ല എന്നുചോദിക്കുമ്പോൾ അഡീഷണൽ ഫംഗ്ഷൻസ് നിയമത്തിൽ ഭേദഗതിവരുത്തുന്നതിനുള്ള കാലതാമസം കൊണ്ടാണെന്നാണ് പറയുന്നത്. ദിവസംതോറും മണിക്കൂറും മിനിട്ടും വച്ച് ഓർഡിനൻസ് ഇറക്കുന്ന ഒരു ഗവൺമെന്റ് അധികാരത്തിൽ ഇരിക്കുമ്പോൾ ഒരു നല്ല കാര്യത്തിനുവേണ്ടി ഒരു ഓർഡിനൻസ് ഇറക്കിക്കൂടെ? അതോ ദ്രോഹംചെയ്യുന്നതിനു മാത്രമേ ഓർഡിനൻസ് ഇറക്കുകയുള്ളുവെന്നു ഗവൺമെന്റ് തീരുമാനം എടുത്തിട്ടുണ്ടോ? നിയമം ഭേദഗതി ചെയ്യുകയെന്നു പറയുന്നത് വലിയ കാര്യമല്ല. അതിനുവേണ്ടി ഒരു ഓർഡിനൻസ് പുറപ്പെടുവിക്കാൻ കഴിയും. അങ്ങനെയാണെങ്കിൽ പല പൊതുമേഖലാസ്ഥാപനങ്ങളിലേയും അർദ്ധസർക്കാർ സ്ഥാപനങ്ങളിലേയും ബോർഡുകളിലേയും അതോറിറ്റികളിലേയും നിയമനം പബ്ലിക്ക് സർവീസ് കമ്മീഷന് വിടാൻ കഴിയും. എന്നാൽ മനഃപൂർവ്വം

LIBRARY ARCHIVES Kerala Legislative Assembly

അതു ചെയ്യുന്നില്ല. അതുകൊണ്ട് ഈ നിയമനങ്ങളും പബ്ലിക്ക് സർവ്വീസ് കമ്മീഷനു വിടണം. പി.എസ്.സി. സെലക്ഷൻ കിട്ടിയിട്ടുള്ള റാങ്ക്ഹോൾഡഴ്സിനെ, ആ സ്ഥാപനങ്ങളിൽ നിയമിക്കുന്നതിനുള്ള സൗകര്യം ഉണ്ടാക്കണം. പബ്ലിക്ക് സർവ്വീസ് കമ്മീഷനു കൂടുതൽ സൗകര്യങ്ങളും കൊടുത്തുകൊണ്ട് അതിന്റെ പ്രവർത്തനങ്ങളും ത്വരിതപ്പെടുത്താനുള്ള നടപടികളും സ്വീകരിക്കണമെന്ന് അഭ്യർത്ഥിച്ചുകൊണ്ട് ഞാൻ ഈ പ്രമേയത്തോടു യോജിക്കുന്നു.

ശ്രീ. ടി. എസ്. ജോൺ: സർ, ശ്രീ. കാർത്തികേയൻ അവതരിപ്പിച്ച ഈ പ്രമേയത്തെ ഞാൻ അനുകൂലിക്കുന്നു. ഈ പ്രമേയത്തിന്റെ അന്തഃസത്തയെ സംബന്ധിച്ചിടത്തോളം ആരും എതിർക്കുമെന്നു എനിക്ക് അഭിപ്രായമില്ല. കാരണം ഈ നിയമസഭ ഉണ്ടായ കാലംമുതൽ എല്ലാ മെമ്പർമാരും യോജിക്കുന്ന ഒരു കാര്യമാണ് പൊതുമേഖലാസ്ഥാപനങ്ങളിലെ നിയമനം പബ്ലിക്ക് സർവ്വീസ് കമ്മീഷനു വിട്ടുകൊടുക്കണമെന്നുള്ളത്. പക്ഷേ ആര് അധികാരത്തിൽ വന്നാലും അത് നടപ്പാക്കുന്നില്ലെന്നുള്ളതാണ് യാഥാർത്ഥ്യം. ഇതിനു വേണ്ടി വാതോരാതെ വാദിക്കുന്ന ആളുകളൊക്കെ അധികാരത്തിൽവന്ന കാലത്തും പൊതുമേഖലാസ്ഥാപനങ്ങളിലെ നിയമനം പി.എസ്.സിക്കു കൊടുക്കാതിരിക്കുകയാണ് ചെയ്തത്. 1969-ലാണ് കുപ്രസിദ്ധമായ നിയമനം. ശ്രീ. ഇമ്പിച്ചിബാവയുടെ കാലത്ത് ട്രാൻസ്പോർട്ട് കോർപ്പറേഷനിൽ നടത്തിയത്. (ബഹളം) അന്ന് സിഗററ്റുകുടുക്കളിലൊക്കെ എഴുതിക്കൊടുത്താണ് നിയമനം നടത്തിയിരുന്നത്. ശ്രീ. കെ. എം. ജോർജ് അധികാരത്തിൽ വന്നതിനുശേഷമാണ് ആ നിയമനങ്ങളും പി. എസ്. സി. ക്കു വിട്ടുകൊടുത്തത്. അതിനുശേഷം 1970-ൽ അധികാരത്തിൽവന്ന ഐക്യജനാധിപത്യമുന്നണി ഗവൺമെന്റിന്റെ കാലത്ത് (അന്നു കേരളാകോൺഗ്രസ് പ്രതിപക്ഷത്തായിരുന്നു, സി. പി. ഐ. ക്കായിരുന്നു ഇലക്ട്രിസിറ്റി വകുപ്പ്.) ഇലക്ട്രിസിറ്റി ബോർഡിലെ നിയമനങ്ങളും മുഴുവൻ പി.എസ്.സി. ക്കായിരുന്നു. എന്നിട്ടും പി.എസ്.സി. യെ മറികടന്നുകൊണ്ട് 2500 പേരെ ഡെയിലിവേജസിൽ ഇലക്ട്രിസിറ്റിബോർഡിൽ നിയമിച്ചു. ഇപ്പോഴും അവർ അവിടെ തൂങ്ങിനിൽക്കുകയാണ്. ട്രാൻസ്പോർട്ടിലെ നിയമനങ്ങളും പി. എസ്. സി. ക്ക് വിട്ടതിനുശേഷവും എംപ്ലോയ്മെന്റിൽനിന്നും നിയമിച്ച കുറെപ്പേർ അവിടെയുണ്ട്. അവരെ പിരിച്ചുവിടണമെന്നു ഹൈക്കോടതിയും സുപ്രീംകോടതിയും മാത്രമല്ല ഇവിടത്തെ പെറ്റീഷൻസ് കമ്മിറ്റിയും അഭിപ്രായപ്പെട്ടിട്ടുള്ളതാണ്. പി. എസ്. സി. റാങ്ക്ലിസ്റ്റിലുള്ള ധാരാളംപേർ പുറത്തുനിൽക്കുന്നുണ്ട്. സാമ്പത്തിക ബുദ്ധിമുട്ടെന്ന കാരണത്തിൻമേൽ തൊഴിലില്ലാത്ത ഇവരെ ജോലിക്കു എടുക്കുന്നില്ലെന്നുള്ളതാണ് യാഥാർത്ഥ്യം. ഇതു പരിശോധിച്ച് അഭ്യസ്തവിദ്യരുടെ തൊഴിലില്ലായ്മയ്ക്കു പരിഹാരമുണ്ടാക്കണം. എൻ.ആർ. ഇ.പി., ആർ.എൽ.ഇ.ജി.പി. എന്നീ പദ്ധതികളുടെ ഫലമായി നമ്മുടെ സംസ്ഥാനത്ത് ഇപ്പോഴും അനഭ്യസ്തരെ സംബന്ധിച്ചിടത്തോളം തൊഴിലില്ലായ്മ ഇല്ല. ജോലിചെയ്യാൻ മനസ്സുള്ളവർക്ക് ഇന്ന് ജോലി ഇഷ്ടംപോലെയുണ്ട്. അഭ്യസ്തവിദ്യരുടെ തൊഴിലില്ലായ്മ പരിഹരിക്കണമെങ്കിൽ വ്യവസായങ്ങളുണ്ടാകണം. വ്യവസായങ്ങളും ഉണ്ടാക്കാൻവേണ്ടിയുള്ള ശ്രമം നടത്തണം.

ശ്രീ. കാനം രാജേന്ദ്രൻ: സർ, സംസ്ഥാനഗവൺമെന്റ് പ്രസിദ്ധീകരിക്കുന്ന എക്കണോമിക് റിവ്യൂവിൽ ഗ്രാമീണ തൊഴിൽരഹിതരുടെ സംഖ്യ വളരെ കൃത്യമായി കൊടുത്തിട്ടുണ്ട്. അതിനൊക്കെ

LIBRARY ARCHIVES Kerala Legislative Assembly

വിരുദ്ധമായി ജോൺസാറിനെപ്പോലുള്ള ഒരാൾ നാട്ടിൻപുറങ്ങളിൽ അനഭ്യസ്തർക്ക് തൊഴിലില്ലായ്മ ഇല്ലെന്നു പ്രസംഗിക്കുന്നത് ശരിയാണോ?

ശ്രീ. ടി. എസ്. ജോൺ: ഞാൻ പറഞ്ഞത് അഭ്യസ്തവിദ്യരല്ലാത്ത ആരോഗ്യമുള്ള, ജോലിചെയ്യാൻ തയ്യാറുള്ളവർക്ക് ജോലി ചെയ്യാൻ അവസരമുണ്ട് എന്നാണ്.. അഭ്യസ്തവിദ്യരായവർക്ക് തൊഴിലില്ലായ്മയുണ്ട്. റാങ്ക്‌ലിസ്റ്റിലുള്ളവരെ നിയമിക്കണം. ഈ ഗവൺമെൻറ് ഒരു നല്ല കാര്യം ചെയ്തു. നിയമനങ്ങളിൽ അഴിമതി നടന്നുവെന്നു പത്രങ്ങളിൽ വന്നയുടനെ വാട്ടർ അതോറിട്ടിയിലെ നിയമനങ്ങൾ പി.എസ്.സി.ക്കു വിട്ടുകൊടുക്കുമെന്നുള്ള ശ്രീ. കെ. എം. മാണിയുടെ പ്രഖ്യാപനം ഒരു നല്ല കാര്യമാണ്. അതുപോലെ എല്ലാ നിയമനങ്ങളും പി. എസ്. സി. ക്കു വിട്ടു കൊടുക്കണം. വെറുതെ വാചകം പറഞ്ഞതുകൊണ്ട് കാര്യമില്ല. നമ്പൂതിരിപ്പാടിന്റെ കാലത്തും ശ്രീ. നായനാരുടെ കാലത്തും ഒരൊറ്റ പൊതുമേഖലാസ്ഥാപനത്തിലെ നിയമനവും പി.എസ്.സി. ക്കു വിട്ടുകൊടുത്തിട്ടില്ല. സി.പി.ഐ. ക്കാർ അധികാരത്തിലിരുന്ന കാലത്ത് പി.എസ്.സി. ക്കു വിട്ടുകൊടുത്ത സ്ഥാപനങ്ങളിൽപോലും അവർക്കു താൽപ്പര്യമുള്ളവരെ തിരുകിക്കയറ്റാനാണ് ശ്രമിച്ചിട്ടുള്ളത്. അതുകൊണ്ട് എല്ലാവരുടേയും സെൻസു മനസ്സിലാക്കി എല്ലാ പൊതുമേഖലാസ്ഥാപനങ്ങളിലേയും നിയമനങ്ങൾ കഴിവുള്ളിടത്തോളം പി. എസ്. സി. ക്കു വിട്ടുകൊടുക്കണമെന്നു മാത്രമല്ല എല്ലാ റാങ്ക്‌ഹോൾഡേഴ്സിനേയും വേക്കൻസിയുള്ള സ്ഥലങ്ങളിൽ നിയമിക്കുകയും ചെയ്യണമെന്ന് അഭ്യർത്ഥിച്ചുകൊണ്ട് ഞാൻ ഈ പ്രമേയത്തെ അനുകൂലിക്കുന്നു.

(അദ്ധ്യക്ഷവേദിയിൽ മി. സ്പീക്കർ)

ശ്രീ. വി. സി. കബീർ: സർ, ശ്രീ. ജി. കാർത്തികേയൻ അവതരിപ്പിച്ച പ്രമേയത്തെ പിൻതാങ്ങുന്നു. മുൻകാലങ്ങളിൽ 60 ലക്ഷം രൂപയുടെ നഷ്ടത്തിലാണ് ഗവൺമെൻറ് രേണം നടത്തിക്കൊണ്ടിരുന്നതെങ്കിൽ ഇപ്പോൾ ധനകാര്യമന്ത്രി പറയുന്നത് 60 കോടി രൂപയുടെ ലാഭമുണ്ടെന്നാണ്. നമ്മുടെ സംസ്ഥാനത്ത് മാസംതോറും ആയിരക്കണക്കിന് റിട്ടയർമെൻറ് ഒഴിവുകൾ ഉണ്ടാകുന്നുണ്ട്. 61 കോടി രൂപയുടെ ലാഭമുണ്ടെങ്കിൽ പി.എസ്.സി. റാങ്ക്‌ഹോൾഡേഴ്സിനെ ഒഴിവുകളുള്ളിടത്ത് നിയമിക്കാൻ എന്തുകൊണ്ട് കൽപ്പന പുറപ്പെടുവിക്കുന്നില്ല? നേരത്തെ പ്രതിദിനം 60 ലക്ഷം രൂപ നഷ്ടമായിരുന്നതുകൊണ്ട് ഒരൊറ്റ നിയമനംപോലും നടത്താൻ പാടില്ലെന്ന ഗവൺമെൻറ് ഓർഡർ ഇപ്പോഴും നിലനിൽക്കുകയാണ്. തൊഴിൽരഹിതരെ സഹായിക്കണമെന്ന ആത്മാർത്ഥമായ ആഗ്രഹം ഈ ഗവൺമെൻറിനുണ്ടെങ്കിൽ നേരത്തേ പുറപ്പെടുവിച്ച കൽപ്പന പിൻവലിക്കണം. പി.എസ്.സി. റാങ്ക്‌ഹോൾഡേഴ്സ് പി.എസ്.സി. യുടെ ശവപ്പെട്ടിയും വച്ച് സമരം തുടങ്ങിയിട്ട് മാസങ്ങളെത്രയായി? അവരെ വിളിച്ചൊന്നു സംസാരിക്കുവാനോ അവരുടെ പ്രശ്നങ്ങൾക്കു പരിഹാരമുണ്ടാക്കുവാനോ മുഖ്യമന്ത്രി ഇതുവരെ സമയം കണ്ടെത്തിയിട്ടില്ല. പാലക്കാട് മലബാർ സിമൻറ്സെന്ന പൊതുമേഖലാസ്ഥാപനമുണ്ട്. ഒരു പ്രത്യേകവിഭാഗത്തിൽപ്പെട്ട ആളുകളുടെ ലിസ്റ്റ് അവിടെ ദിവസംപ്രതി നിയമനത്തിനു വന്നുകൊണ്ടിരിക്കുകയാണ്. അതാരാണെന്ന് നമുക്കെല്ലാവർക്കും അറിയാം. മലബാർ സിമൻറ്സ്പോലുള്ള പൊതുമേഖലാ

LIBRARY ARCHIVES Kerala Legislative Assembly

സ്ഥാപനങ്ങളിൽ സ്വന്തക്കാരേയും ബന്ധുക്കളേയും പാർശ്വവർത്തികളെയും മറ്റുള്ള ആളുകളേയും തിരുകിക്കയറ്റാനുള്ള ശ്രമം തുടർന്നുകൊണ്ടിരിക്കുകയാണ്. മലബാർ സിമൻറ്സ് പോലുള്ള പൊതുമേഖലാ സ്ഥാപനങ്ങളിലെ നിയമനം തീർച്ചയായിട്ടും പി.എസ്.സി. ക്കു വിടണം. സ്വകാര്യസ്കൂളുകളിലെ നിയമനത്തിന് 50,000 രൂപ വാങ്ങിക്കുന്നു എന്നു പത്മനാഭൻ മാസ്റ്റർ നേരത്തെ ഇവിടെ സൂചിപ്പിച്ചു. ലേലം വിളിക്കുകയാണ്. ലേലംവിളി അവസാനിപ്പിക്കുന്നതിനുവേണ്ടി സ്വകാര്യസ്കൂളുകളിലെ നിയമനവും പി.എസ്.സി.ക്കു വിടണം. അവിടെ നടക്കുന്ന ലേലംവിളി സമ്പ്രദായം അവസാനിപ്പിക്കണം. തൊഴിലില്ലാത്ത ചെറുപ്പക്കാരെ മനപ്പൂർവമായി വലയ്ക്കുന്ന നീക്കത്തിൽനിന്നു ഗവൺമെൻറ് പിൻതിരിയണം. ശ്രീ. കാർത്തികേയൻ കൊണ്ടുവന്ന പ്രമേയത്തെ ഞാൻ ഒന്നുകൂടി പിൻതാങ്ങുന്നു.

ശ്രീ. എസ്. ആർ. തങ്കരാജ്: സർ, ബഹുമാനപ്പെട്ട മെമ്പർ ശ്രീ. ജി. കാർത്തികേയൻ അവതരിപ്പിച്ച പ്രമേയത്തെ ഞാൻ സർവ്വാത്മനാ പിന്തുണയ്ക്കുകയാണ്. വേഴാമ്പലുകളെപ്പോലെ കേരളത്തിലെ അഭ്യസ്തവിദ്യർ ഇന്നല്ലെങ്കിൽ നാളെ പബ്ലിക് സർവ്വീസ് കമ്മീഷൻ പ്രസിദ്ധീകരിച്ച റാങ്ക്ലിസ്റ്റ് അനുസരിച്ച് ജോലി കിട്ടുമെന്ന് പറഞ്ഞ് കാത്തിരിക്കാൻ തുടങ്ങിയിട്ട് വർഷങ്ങളേറെയായി. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയോട് , എനിക്ക് ഒരഭ്യർത്ഥനയുണ്ട്. ഓരോ ഡിപ്പാർട്ടുമെൻറിലും ഒഴിവുള്ള തസ്തികയിലേക്കാണ് പബ്ലിക് സർവ്വീസ് കമ്മീഷൻ സെലക്ഷൻ നടത്തണമെന്നുപറഞ്ഞത് വിവരം കൊടുക്കുന്നത്. ആ വിവരത്തിൻെറ അടിസ്ഥാനത്തിൽ ഒരു സെലക്ഷൻ നടത്തിയാൽ അന്ന് റിപ്പോർട്ടു ചെയ്ത തസ്തികകളെങ്കിലും നികത്തണം. ബഹുമാനപ്പെട്ട സ്പീക്കർ ഉൾപ്പെടെ ഒരു കാര്യം ഓർക്കേണ്ടതുണ്ട്. ഈയടുത്ത കാലത്ത് ട്രാൻസ്പോർട്ട് കോർപ്പറേഷനിലും അതുപോലെത്തന്നെ പല ഡിപ്പാർട്ടുമെൻറുകളിലും സ്പെഷ്യൽ റിക്രൂട്ടുമെൻറുവരെ നടത്തി കഴിഞ്ഞു. എന്നാൽ അതിൽ നിന്ന് ഒരാളിനെപ്പോലും എടുത്തില്ലെന്നതാണ് വാസ്തവം. അതാണ് ഇന്നത്തെ സ്ഥിതി. അഭ്യസ്തവിദ്യരായ ആളുകൾ തെരുവിലൂടെ അലഞ്ഞു നടക്കുകയാണ്. ഇന്നല്ലെങ്കിൽ നാളെ ഒരു ജോലി കിട്ടുമെന്നുള്ള പ്രതീക്ഷയോടുകൂടി ദിവസങ്ങളോളം വിളക്കുകാലിൻെറ മുന്നിലിരുന്നു പഠിച്ച് പരീക്ഷ പാസ്സായി പബ്ലിക് സർവ്വീസ് കമ്മീഷൻെറ റാങ്കും കിട്ടിയതിനുശേഷവും ഇവർക്ക് ജോലി കിട്ടുന്നില്ലായെന്ന സ്ഥിതി വന്നു കഴിഞ്ഞാൽ അത് വളരെ ദയനീയമാണു സർ. അതുപോലെ ഒരു കാര്യംകൂടി. മെഡിക്കൽ ഡിപ്പാർട്ടുമെൻറിൽ ഉള്ള ഒഴിവുകളെങ്കിലും നികത്താൻ നടപടിയുണ്ടാകണം. സാധാരണക്കാരായ ആളുകൾക്ക് റാങ്ക് കിട്ടിയാൽ അവരെ ഒഴിവാക്കുന്നതിനുള്ള ശ്രമം ഡിപ്പാർട്ടുമെൻറൽ ഹെഡ്സ് വളരെ തന്ത്രപൂർവ്വം നടത്തുന്നുണ്ട്. അതിന് ഒരു ഉദാഹരണം പറയാം. മെഡിക്കൽ കോളേജിൽത്തന്നെ ട്യൂട്ടർമാരുടെ തസ്തിക ഒഴിവു വന്നപ്പോൾ സെലക്ഷൻ കിട്ടിയ ആളുകളുണ്ട്. പക്ഷേ നിയമത്തിൻെറ സാങ്കേതികത്വത്തിൽ നിന്നാൽ ഒരുവർഷം കഴിയുമ്പോൾ ആദ്യം എടുക്കുന്നത് മെറിറ്റിൽനിന്നുള്ള ആളിനെ ആയിരിക്കണം എന്ന പരിപാടി നടപ്പിലാക്കുന്നതിനുവേണ്ടി പാവപ്പെട്ട ആളുകൾക്ക് സംവരണ അവസരങ്ങളെ നഷ്ടപ്പെടുത്തുന്നു. ഇതിൽനിന്നും സാധുക്കളെ രക്ഷിക്കണം. അതുകൊണ്ട് ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഒഴിവുണ്ടെന്നു ലിസ്റ്റ് കൊടുത്തതിനുശേഷം എടുക്കാതിരിക്കുന്ന ഡിപ്പാർട്ടുമെൻറൽ ഹെഡ്സിനെ പ്രോസിക്യൂട്ട്

LIBRARY ARCHIVES Kerala Legislative Assembly

ചെയ്യാനുള്ള നടപടിയെടുക്കണം. ബഹുമാനപ്പെട്ട കാർത്തികേയൻ അവതരിപ്പിച്ച പ്രമേയത്തെ ഞാൻ പിൻതാങ്ങുന്നു. ഇത് ഇവിടെ പാസ്സാക്കിയെടുക്കണമെന്ന് ഞാൻ അഭ്യർത്ഥിക്കുന്നു.

ശ്രീ. ലോനപ്പൻ നമ്പാടൻ: സർ, -തത്വദീക്ഷയുള്ള ശ്രീ. ജി കാർത്തികേയൻ അവതരിപ്പിച്ച് ഈ പ്രമേയത്തെ ഞാൻ ശക്തിയായി അനുകൂലിക്കുകയാണ്. കേരളാ പബ്ലിക് സർവ്വീസ് കമ്മീഷൻ കെ. പി. സി. സി. യായി മാറിയിരിക്കുകയാണ്. പബ്ലിക് സർവ്വീസ് ഇല്ല. പാർട്ടി സർവ്വീസും കമ്മീഷനും മാത്രമേയുള്ളു. 16½ ലക്ഷം അപേക്ഷകരെ കെട്ടുപൊട്ടിക്കാതെ കെട്ടിക്കിടക്കുകയാണ്. ആവശ്യത്തിന് അവിടെ സ്റ്റാഫില്ല. പൊതുമേഖലാസ്ഥാപനങ്ങളിലും ബോർഡുകളിലും കോർപ്പറേഷനുകളിലും മന്ത്രിമാർ മത്സരിച്ച് സ്വന്തക്കാരെ നേരിട്ടു നിയമിക്കുകയാണ്. മന്ത്രി എം. പി. ഗംഗാധരന്റെ അവിഹിത നിയമനങ്ങളെ റദ്ദാക്കാനും ഇനി അത് പബ്ലിക് സർവ്വീസ് കമ്മീഷനു വിടാനും തീരുമാനിച്ചതിൽ മാണി സാറിനെ ഇത്തരുണത്തിൽ അഭിനന്ദിക്കുകയാണ്. പഞ്ചാബ് മോഡൽ പ്രസംഗിച്ച ആർ. ബാലകൃഷ്ണപിള്ള ഇലക്ട്രിസിറ്റി ബോർഡിൽ ആയിരക്കണക്കിനു ഒഴിവുകളെ ഉണ്ടായിട്ടും 4 കൊല്ലമായി പബ്ലിക് സർവ്വീസ് കമ്മീഷനിൽനിന്ന് ആരേയും നിയമിച്ചിട്ടില്ല. കെ. എസ്. ആർ. ടി. സി. യിലും പബ്ലിക് സർവ്വീസ് കമ്മീഷൻ നിയമനം നടത്തുന്നില്ല. ഉള്ളവരെ പിരിച്ചു വിടുകയാണ്. വികലാംഗരെ സർക്കാർ സർവ്വീസിൽ നിയമിക്കുമ്പോഴും പബ്ലിക് സർവ്വീസ് കമ്മീഷനിൽ സംവരണമില്ല. ഉദ്യോഗാർത്ഥികളുടെ പ്രായപരിധി കഴിയുന്നതിനുമുമ്പ് പബ്ലിക് സർവ്വീസ് കമ്മീഷൻ നിയമനം നടത്തണം.

ശ്രീ. കെ. പങ്കജാക്ഷൻ: സർ, ഈ പ്രമേയത്തെ ഞാൻ പിന്താങ്ങുന്നു. സഹകാര്യമേഖലയിൽപ്പെട്ട കോളേജുകളിലും സ്കൂളുകളിലും അദ്ധ്യാപകർക്കും അദ്ധ്യാപകേതര ജീവനക്കാർക്കും ഇന്ന് ശമ്പളം കൊടുക്കുന്നത് ഗവൺമെന്റാണ്. ആ കാരണം കൊണ്ടുതന്നെ ഇവിടങ്ങളിലെ നിയമനങ്ങളെല്ലാംതന്നെ പബ്ലിക് സർവ്വീസ് കമ്മീഷന്റെ അധികാര പരിധിക്ക് വിടാൻ ബാദ്ധ്യസ്ഥമാണ് ഈ ഗവൺമെന്റ്. ഗവൺമെന്റ് അംഗീകരിച്ചിട്ടുള്ള സംവരണതത്വങ്ങൾ കാറ്റിൽപ്പറത്തിക്കൊണ്ട് സഹകാര്യ മാനേജുമെന്റുകൾ ഇഷ്ടംപോലെ നിയമനം നടത്തിക്കൊണ്ടിരിക്കുകയാണ്. അതുകൊണ്ട് നിർബന്ധമായി സഹകാര്യ വിദ്യാലയങ്ങളിലേയും കോളേജുകളിലേയും നിയമനങ്ങൾ പബ്ലിക് സർവ്വീസ് കമ്മീഷന്റെ അധികാര പരിധിക്കുള്ളിൽപ്പെടുത്തണമെന്ന് അഭ്യർത്ഥിക്കാൻ ഞാൻ ഈ അവസരം ഉപയോഗിക്കുന്നു. പൊതുമേഖലാ സ്ഥാപനങ്ങളിലും ഗവൺമെന്റ് ഡിപ്പാർട്ടുമെന്റുകളിലും എർപ്പെടുത്തിയിട്ടുള്ള സംവരണതത്വം കൃത്യമായി പാലിച്ചിട്ടുണ്ടോയെന്നു പരിശോധിക്കുന്നതിന് ഒരു സുന്ദരേശൻ കമ്മീഷനേയോ മറ്റോ നിയമിച്ചു. മുസ്ലീം ലീഗിലെ സുഹൃത്തുക്കൾ ആവേശകരമായി മുസ്ലീങ്ങൾക്ക് നേരംവണ്ണം സംവരണതത്വം പാലിക്കാത്തതിൽ പരാതിപ്പെട്ടു. അവരുടെ സമ്മർദ്ദം കൊണ്ടുതന്നെയാണ് ഗവൺമെന്റ് ആ കമ്മീഷനെ നിയമിച്ചത്. മൂന്നു മാസത്തിനകംതന്നെ റിപ്പോർട്ട് നൽകണമെന്ന പ്രഖ്യാപനവുമുണ്ടായി. പക്ഷേ മാസങ്ങൾ കഴിഞ്ഞ് വർഷങ്ങളായിട്ടും ആ കമ്മീഷൻ എന്തു പ്രവർത്തനം നടത്തിയെന്നോ എവിടെയെവിടെയൊക്കെ പോരായ്മകൾ ഉണ്ടെന്നോ, അർഹരായി

LIBRARY ARCHIVES Kerala Legislative Assembly

ട്ടുള്ളവർക്ക് നിയമനം കിട്ടിയിട്ടില്ലായെന്നുള്ളതിനെപ്പറ്റിയോ പരിശോധിച്ച് നടപടികളും സ്വീകരിക്കാൻ ഇനിയും ഗവൺമെൻറിനു കഴിഞ്ഞിട്ടില്ല. ഈ സാഹചര്യത്തിൽ തന്നിഷ്ടക്കാരേയും സുഹൃത്തുക്കളെയുമൊക്കെ പബ്ലിക് സർവ്വീസ് കമ്മീഷനെ അവഗണിച്ചുകൊണ്ട് നിയമനം നടത്തിക്കൊണ്ടിരിക്കുന്ന കാലഘട്ടത്തിൽ ഒരുനിമിഷം പോലും വൈകാതെ നിയമനങ്ങളെല്ലാം പബ്ലിക് സർവ്വീസ് കമ്മീഷനു വിട്ടുകൊടുക്കണമെന്ന് അഭ്യർത്ഥിക്കാൻ ഞാൻ ഈ അവസരം ഉപയോഗിക്കുന്നു.

മുഖ്യമന്ത്രി (ശ്രീ. കെ. കരുണാകരൻ): സർ, ഈ പ്രമേയത്തിന്റെ തത്വം ഗവൺമെൻറ് അംഗീകരിച്ചിട്ടുള്ളതാണ്. പബ്ലിക് സർവ്വീസ് കമ്മീഷൻ മുഖേന നിയമനം നടത്തിയാൽ യാതൊരു വിധത്തിലുള്ള സ്വാധീനവും മറ്റു പരിഗണനകളൊന്നുമില്ലാതെ അർഹതപ്പെട്ടവർക്ക് നിയമനം കിട്ടും. അങ്ങനെ നിയമനം നടത്തുമ്പോൾ നമ്മുടെ സംസ്ഥാനത്തെ സംബന്ധിച്ചിടത്തോളം അംഗീകരിച്ചിട്ടുള്ള നയം പിന്നോക്ക സമുദായങ്ങൾക്ക് നൽകേണ്ട പ്രാതിനിധ്യമാണ്. ആ പ്രാതിനിധ്യ സ്വഭാവം അനുസരിച്ച് നിയമനം നടത്തുന്നതു കൊണ്ട് അവർക്ക് അനുവദിച്ചിട്ടുള്ള സംവരണതത്വം പൂർണ്ണമായും സംരക്ഷിക്കപ്പെടുമെന്നുള്ള വിശ്വാസമാണ് പബ്ലിക് സർവ്വീസ് കമ്മീഷനു നിയമനം വിട്ടുകൊടുക്കണമെന്ന് ആവശ്യപ്പെടുമ്പോഴുള്ളത്. ആ നിലയിൽ ഗവൺമെൻറിനെ സംബന്ധിച്ചിടത്തോളം പബ്ലിക് സർവ്വീസ് കമ്മീഷൻ മുഖേന നടത്തുന്ന നിയമനങ്ങളിൽ കാലാകാലങ്ങളിൽ സ്വീകരിക്കേണ്ട നിലപാടിനെക്കുറിച്ച് നിർദ്ദേശങ്ങളും നൽകിയിട്ടുണ്ട്. എന്നാൽ താൽക്കാലിക ജീവനക്കാരെ സംബന്ധിച്ചിടത്തോളം വളരെക്കാലമായി തുടർന്നു വരുന്ന പ്രതികളാണിത്.

മേലധികാരികളും താൽക്കാലിക നിയമനങ്ങളുടെ പേരിൽ പല സ്വാധീനങ്ങൾക്കും വിധേയമായി നിയമനങ്ങളും നടത്തുന്നു എന്നും അവർക്ക് നിശ്ചയിച്ചിട്ടുള്ള കാലാവധിക്കുശേഷവും പബ്ലിക് സർവ്വീസ് കമ്മീഷന്റെ ശുപാർശയിൽ ആളുകളും വന്നിട്ടില്ലായെന്നുമുള്ളതിന്റെപേരിൽ അവരെ തുടരാൻ അനുവദിക്കുകയും ചെയ്യുന്ന ഒരു സ്ഥിതി ഉണ്ട്. അങ്ങനെ വർഷങ്ങളോളം തുടർന്നുവന്ന ആളുകൾക്ക് ഒരു ഘട്ടത്തിൽ വന്നപ്പോൾ അത് ഒരു പ്രശ്നമായി. കണ്ണുകുത്തിപ്പൊട്ടിച്ചിട്ട് കണ്ണില്ലാത്തവനു വല്ലതും തരണേയെന്നു പറയുന്നമാതിരി ആറും ഏഴും കൊല്ലം സർവ്വീസ് കഴിഞ്ഞവരെ എന്തു ചെയ്യണമെന്നുള്ള ഒരു പ്രശ്നം വന്നു. ഇപ്പോൾ പബ്ലിക് സർവ്വീസ് കമ്മീഷൻ മുഖേന നിയമനം നടത്തണമെന്നു നിർബന്ധിക്കുന്ന ജനപ്രതിനിധികളും ഉൾപ്പെടെയുള്ള ആളുകളും ഇതിന് ഒരു പരിഹാരമുണ്ടാക്കണമെന്നു ആവശ്യപ്പെട്ടു. എന്റെ ഓർമ്മ ശരിയാണെങ്കിൽ 1973-ലോ 1975-ലോ ആണ്, അതുവരെയുള്ള ആളുകളെയൊക്കെ ഒരു നിശ്ചിത കാലയളവ് സർവ്വീസുള്ളവരെ സ്ഥിരപ്പെടുത്താനും കേവിയിൽ താൽക്കാലികമായി ജോലി നോക്കുന്ന ആളുകളെ 180 ദിവസം കഴിഞ്ഞാൽ ഒരു ദിവസംപോലും തുടരാൻ അനുവദിക്കരുതെന്നും നിർദ്ദേശിക്കുകയുണ്ടായി. പിന്നെയും ഈ രീതി തുടർന്നു വന്നപ്പോൾ ഒരവസരത്തിൽ പിരിച്ചുവിട്ട ആളുകൾ കോടതിയെ സമീപിച്ചു. ഹൈക്കോടതി സ്വാഭാവികമായും നിയമങ്ങളൊക്കെ പരിശോധിച്ചശേഷം പബ്ലിക് സർവ്വീസ് കമ്മീഷനിൽനിന്നും തെരഞ്ഞെടുത്ത ആളുകൾ വന്നു ജോയിൻ ചെയ്യുന്നതുവരെ താൽക്കാലിക ജീവനക്കാരെ പിരിച്ചു വിടരുതെന്നുപറഞ്ഞ് അവർ സ്റ്റേ വാങ്ങിച്ചു.

LIBRARY ARCHIVES Kerala Legislative Assembly

ഏതായാലും അതിൻമേൽ നടപടി നടത്തി. അവസാനം സുപ്രീം കോടതി പറഞ്ഞു. നിയമപ്രകാരം അവർക്ക് അർഹതയില്ലെങ്കിൽപ്പോലും ഇത്രയുംകാലം ജോലിചെയ്ത ആളുകളെന്ന നിലയ്ക്ക് അവർക്ക് എന്തെങ്കിലും തരത്തിൽ ഒരു ചാൻസ് കൊടുക്കാൻ വഴിയുണ്ടോയെന്ന് ഗവൺമെൻറ് നോക്കണം എന്ന്; അതിനെത്തുടർന്ന് ഗവൺമെൻറ് നടപടികൾ സ്വീകരിച്ചു. ഇപ്പോൾ താൽക്കാലിക ജീവനക്കാരെ നിയമിച്ച് പബ്ലിക് സർവ്വീസ് കമ്മീഷന് ഇൻഫർമേഷൻ കൊടുക്കാത്ത അവസ്ഥ അവസാനിപ്പിച്ചുകൊണ്ടുള്ള നടപടി സ്വീകരിച്ചിരിക്കുകയാണ്. സുപ്രീം കോടതിയുടെ വിധിയുടെ അടിസ്ഥാനത്തിൽതന്നെ ഈ താൽക്കാലികക്കാരെ.....

ശ്രീ. കെ. പങ്കജാക്ഷൻ: സർ, ഈ നിയമനം പബ്ലിക് സർവ്വീസ് കമ്മീഷനു വിട്ടുകൊടുത്തതിനുശേഷം പബ്ലിക് സർവ്വീസ് കമ്മീഷൻ ടെസ്റ്റുകളും നടത്തി ലിസ്റ്റ് പ്രസിദ്ധപ്പെടുത്തി കഴിഞ്ഞതിനുശേഷവും താൽക്കാലിക നിയമനങ്ങൾ നടത്തിയിട്ടുള്ള കേസ്സുകൾക്ക് ഇത് ബാധകമല്ലല്ലോ? കെ. എസ്. ആർ. ടി. സി. പോലുള്ള സ്ഥാപനങ്ങളിലെല്ലാം അങ്ങനെയുള്ള സംഭവങ്ങളാണുള്ളത്. ഇക്കാര്യത്തിൽ നടപടി സ്വീകരിക്കാൻബുദ്ധിമുട്ടുണ്ടോ?

മുഖ്യമന്ത്രി (ശ്രീ. കെ. കരുണാകരൻ): ഞാൻ പറഞ്ഞു വരുന്നത് സുപ്രീം കോടതി വിധിക്കുശേഷം ഈ നില വളരെ കർക്കശമായി പാലിക്കാൻ തീരുമാനിച്ചു. സർ, അതിനുശേഷം 9-10-1984-ൽ പുറപ്പെടുവിച്ച സർക്കുലറിൽ പറഞ്ഞിട്ടുള്ളത്, അടുത്ത വർഷത്തേയ്ക്ക് ഉണ്ടാകാവുന്ന ഒഴിവുകൾ ഈ വർഷം തിട്ടപ്പെടുത്തി പി.എസ്.സി. ക്ക് റിപ്പോർട്ട് ചെയ്യണം എന്നാണ്. റിപ്പോർട്ട് ചെയ്തു കഴിഞ്ഞതിനുശേഷം അതിൽ കുറവു വരുത്താനോ, റദ്ദ് ചെയ്യാനോ മാറ്റം വരുത്താനോ പാടില്ല എന്നും പി.എസ്.സി. സെലക്ട് ചെയ്തു കഴിഞ്ഞാൽ ആ മുറയ്ക്ക് ഇത്രയും നിയമനങ്ങൾ നിർബന്ധപൂർവ്വം നടത്തണമെന്നും 1984-ലെ സർക്കുലറിൽ പറഞ്ഞിട്ടുണ്ട്.

ഇനി പബ്ലിക് അണ്ടർടേക്കിങ്ങിന്റെ കാര്യം പറയുകയാണെങ്കിൽ ഇന്ന് പ്രധാനപ്പെട്ട കമ്പനികളൊക്കെ പി.എസ്.സി. യുടെ കീഴിൽ വന്നിട്ടുണ്ട്. 1971-ലെ ഗവൺമെൻറിന്റെ തീരുമാനമനുസരിച്ച് മൂന്നു കോർപ്പറേഷനുകളും 49 കമ്പനികളും പി.എസ്.സി. യുടെ കീഴിൽ കൊണ്ടുവന്നിട്ടുണ്ട്. അവിടേയും ചില സാങ്കേതികമായ കാരണങ്ങൾ പറഞ്ഞു പി.എസ്.സി യുടെ നടപടി പൂർണ്ണമായും പാലിക്കുന്നില്ലായെന്നുള്ള പരാതിയുണ്ട്. ഉദാഹരണത്തിന് കെ. എസ്. ആർ.ടി.സി.യുടെ കാര്യംതന്നെയെടുക്കാം. അവിടെ ഇൻഡസ്ട്രിയൽ ഡിസ്പ്യൂട്ട് ആക്ടനുസരിച്ചുള്ള ചില വ്യവസ്ഥകളെ തുടർന്ന് പിരിച്ചുവിടാൻ പാടില്ലായെന്നുള്ള വാദഗതി കൊണ്ടു വന്നു. ഒരു വിഭാഗം അതിനെ അനുകൂലിച്ചു, ഒരു വിഭാഗം അതിനെ എതിർത്തു. ഏതായാലും അത് പാടില്ലാ എന്ന് തീരുമാനിച്ചുവെങ്കിൽപോലും അതിനകം ചില ആളുകളെയൊക്കെ അവിടെ സ്ഥിരപ്പെടുത്തി. ഞാൻ അതിലേക്കൊന്നും ഇപ്പോൾ കടക്കുന്നില്ല. അങ്ങനെ സ്ഥിരപ്പെടുത്തിയ സമ്പ്രദായത്തോട് ഒരിക്കലും യോജിക്കുവാൻ കഴിയുന്നില്ല. ബഹുമാനപ്പെട്ട കാർത്തികേയൻ ഇവിടെ ഉന്നയിച്ച കാര്യംതന്നെ പബ്ലിക് അണ്ടർടേക്കിങ്ങ് ഓരോ കാരണങ്ങൾ പറഞ്ഞ് ഒഴിവാകുന്നത് ഒഴിവാക്കാൻ വേണ്ടിയാണ്.

LIBRARY ARCHIVES Kerala Legislative Assembly

അതിനുവേണ്ടി ഒരു കോമൺ സർവ്വീസ് ഏർപ്പെടുത്താൻ സാധിക്കുമോ എന്ന് പരിശോധിക്കുന്നതാണ്. അതിലുള്ള ഒരു പ്രായോഗിക ബുദ്ധിമുട്ട് എന്താണെന്നുവച്ചാൽ ഇന്ന് ഓരോ കമ്പനികളിലും ശമ്പളവും മറ്റുമുള്ള കാര്യങ്ങൾ തീരുമാനിച്ചിരിക്കുന്നത് ഇൻഡസ്ട്രിയൽ ഡിസ്പ്യൂട്ട് ആക്ടനുസരിച്ച് കാലാകാലങ്ങളിൽ ഉണ്ടാക്കുന്ന എഗ്രിമെന്റിന്റെ അടിസ്ഥാനത്തിലാണ്: എന്നാൽ പ്രായോഗികമായി ആലോചിക്കാവുന്ന ഒരു കാര്യം ക്ലെറിക്കൽ പോസ്റ്റ് ഒരേ കാളിഫിക്കേഷനിലും ഒരേ ശമ്പളത്തിലും ആക്കി ഭാവിയിൽ റിക്രൂട്ട്മെന്റ് നടത്താം എന്നതാണ്. നേരെമറിച്ച് സാധാരണ തൊഴിലാളികളേയും ടൈപ്പിസ്റ്റിനേയും സ്റ്റെനോഗ്രാഫിനേയും ഒക്കെ ഇങ്ങനെ കൊണ്ടുവരുന്നതിൽ ബുദ്ധിമുട്ടുണ്ട്. 1984-ലെ ഓർഡറിനു ശേഷം 1986 ഏപ്രിൽമാസം ഒരു സർക്കുലർ അയച്ചിരുന്നു. അഡീഷണൽ ചീഫ് സെക്രട്ടറി അയച്ച് ആ സർക്കുലറിൽ എല്ലാ കമ്പനികളും ലോസ്റ്റ് പൊസിഷൻ 10 ദിവസത്തിനകം റിപ്പോർട്ട് ചെയ്യണമെന്ന് പറഞ്ഞിട്ടുണ്ട്. അതിന്റെ റിപ്പോർട്ടുകൾ വന്നു കൊണ്ടിരിക്കുന്നു.

ശ്രീ. ഇ. കെ നായനാർ: സർ, 1986-ൽ സർക്കുലർ അയച്ചുവെന്ന് പറഞ്ഞു. പബ്ലിക് സെക്ടറിലെ മെഡിക്കൽ ഡിപ്പാർട്ടുമെന്റിൽ ഡ്രൈവേഴ്സിനേയും ഡോക്ടേഴ്സിനേയും കാര്യത്തിൽ ഇത് വയലേറ്റ് ചെയ്തു ടെമ്പററി പോസ്റ്റ് ഫില്ലപ്പുചെയ്യുന്നതുകൊണ്ട് അർഹതപ്പെട്ടവർക്ക് കിട്ടാതായിട്ടുണ്ട്. അതെന്ത് അന്വേഷിക്കുമോ?

ശ്രീ. കെ. കരുണാകരൻ: സർ, അത് അന്വേഷിക്കാം. പി.എസ്.സി. ശുപാർശ ചെയ്യാതിരിക്കുന്ന കാരണത്താൽ പല പ്രവർത്തനങ്ങളും മുടങ്ങാൻ പാടില്ല എന്നുള്ള കാര്യം നമ്മളൊക്കെ അംഗീകരിക്കുന്ന ഒന്നാണ്. പി. എസ്. സി. യുടെ ലിസ്റ്റ് വന്നിട്ടില്ലായെന്നുള്ളതുകൊണ്ട് അത്യാവശ്യ സർവ്വീസ് മുടങ്ങാൻ പാടില്ല. പോലീസ് വകുപ്പിലും ഡ്രൈവർമാരുടെ കാര്യത്തിൽ ഇങ്ങനെയുള്ള ചില ഏർപ്പാടുകൾ വരുത്തിയിട്ടുണ്ട്. എന്നാൽ പി. എസ്. സി. യുടെ ലിസ്റ്റിൽ ആളുകളുണ്ടായിട്ടും മറ്റു രീതിയിലുള്ള നിയമനങ്ങൾ നടത്തിയിട്ടുണ്ടെങ്കിൽ അതിനെ ഗവൺമെന്റ് വളരെ ഗൗരവമായിതന്നെ എടുക്കും. അത് ഈ സർക്കുലറിന് എതിരായിട്ടുള്ളതാണ്. പി.എസ്.സി.യുടെ നിയമനങ്ങൾ കൂടുതൽ മേഖലകളിലേക്ക് വ്യാപിപ്പിക്കണം. അതുകൊണ്ടാണല്ലോ വാട്ടർ ആൻറ് വേസ്റ്റ് വാട്ടർ അതോറിട്ടി ഉൾപ്പെടെ പി.എസ്.സി.ക്ക് വിടാൻ തീരുമാനിച്ചിട്ടുള്ളത്. മറിച്ച് എത്ര സത്യസന്ധമായി നടത്തിയാലും കാലാകാലങ്ങളിൽ അധികാരത്തിൽ വരുന്ന ഗവൺമെൻറുകൾ പൊളിറ്റിക്കൽ പാർട്ടികളുടെ ഗവൺമെൻറാണെന്നുള്ളതുകൊണ്ട് പല പരാതികളും ഉയർന്നുവരാൻ സാദ്ധ്യതയുണ്ട്. അത് ഒഴിവാക്കുന്നതിന് കോർപ്പറേഷനുകളുടേയും കമ്പനികളുടേയും ഒക്കെയുള്ള നിയമനം പി. എസ്. സി. വഴി ആക്കുകയെന്നുള്ളതാണ് അടിസ്ഥാനപരമായ കാര്യം. അതിനോട് പൂർണ്ണമായും ഗവൺമെൻറു യോജിക്കുകയാണ്. ഏതെല്ലാം മേഖലയിലാണ് ഇത് അവശേഷിക്കുന്നതെന്നുവച്ചാൽ അവിടെയെല്ലാം ഇത് ഏർപ്പെടുത്താൻ ഗവൺമെൻറ് താൽപ്പര്യപൂർവ്വം പ്രവർത്തിക്കും.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എ. വി. താമരാക്ഷൻ: ഇന്ന് പി.എസ്.സി. റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിച്ചിട്ടുള്ളതിൽ ഒഴിവുള്ള പോസ്റ്റുകളിലേക്ക് ഒരു മാസത്തിനകം ഉടനടി നിയമനം നടത്തുന്നതിനുവേണ്ടിയുള്ള നടപടികൾ എടുക്കാൻ ഗവൺമെന്റു തയ്യാറാകുമോ?

ശ്രീ. കെ. കരുണാകരൻ: സർ, അതാണ് ഞാൻ പറഞ്ഞത് എല്ലാ വിവരവും 10 ദിവസത്തിനകം അയച്ചുതരണമെന്ന് കാണിച്ച് സർക്കുലർ പുറപ്പെടുവിച്ചിട്ടുണ്ടെന്ന്. ഇപ്പോൾതന്നെ അതിനുള്ള വ്യവസ്ഥയുണ്ട്. അടുത്തവർഷത്തേയ്ക്കുള്ള വേക്കൻസി ആവശ്യപ്പെട്ടു. അതുകിട്ടിക്കഴിഞ്ഞാൽ അതിൽ ഒരെണ്ണവും കുറയാൻ പാടില്ല. അത് നികത്തണമെന്നു പറഞ്ഞു നിർദ്ദേശം കൊടുത്തിട്ടുണ്ട്. അത് ഇംപ്ലിമെന്റു ചെയ്തത് എവിടെയൊക്കെയാണ്, ഇംപ്ലിമെന്റു ചെയ്യാത്തതിന് ആരാണ് ഉത്തരവാദി, ഇതൊക്കെ പരിശോധിക്കുന്നതാണ്. ആത്മാർത്ഥമായി ഇത് നടപ്പിലാക്കണമെങ്കിൽ എവിടെയെങ്കിലും നടപടി ആരംഭിച്ചേ പറ്റൂ. എന്നാൽ ഒരു കാര്യം ഞാൻ പറയാം. ഇത്രയൊക്കെ വാദിക്കുന്ന ആളുകൾതന്നെ മെമ്മോറാണ്ഡവുമായിട്ട് വരും. നമുക്കൊക്കെ താൽപ്പര്യമുള്ള കുറേ യൂണിയനുകളും സംഘടനകളും ഉണ്ട്. 'ഇതുവരെയുള്ളതുപോകട്ടെ ഇവരേയുംകൂടി ഒന്ന് സ്ഥിരപ്പെടുത്തിയിട്ട് ആകട്ടെ' എന്ന് പറയുന്നത് സ്വാഭാവികമാണ്. മനുഷ്യത്വപരമായ ഒരു വീക്നെസാണ്. ട്രേഡ് യൂണിയൻ രംഗത്തു പ്രവർത്തിക്കുന്നവരാണെങ്കിൽ അവരുടെ വിഷമം അപ്പുറത്തിരിക്കുന്നവർക്ക് അറിയാവുന്നതാണ്. എങ്കിൽപ്പോലും ഏതെങ്കിലുമൊരു നിലയിൽ ലീനേഴ്സ് കാണിച്ചാൽ വ്യാപകമാവുകയെന്ന അപകടകരമായ സ്ഥിതി ഒഴിവാക്കാൻവേണ്ടി ഉത്തരവാദപ്പെട്ട ആരായാലും ശരി നടപടി എടുക്കാതിരിക്കാൻ നിവൃത്തിയില്ല.

ശ്രീ. ടി. എസ്. ജോൺ: പി. എസ്. സി. ക്ക് വിട്ടുകൊടുത്ത കെ. എസ്. ആർ. ടി. സി. പോലുള്ള സ്ഥാപനങ്ങളിൽ മാനേജിംഗ് ഡയറക്ടർമാർ പല ആളുകളേയും നിയമിച്ചിട്ടുണ്ട്. അങ്ങനെയുള്ള കേസ്സുകളിൽ അന്വേഷണം നടത്തി ഈ ഉദ്യോഗസ്ഥൻമാർക്കെതിരെ നടപടിയെടുക്കാൻകൂടി ഗവൺമെന്റു തയ്യാറാകുമോ? ഈ കാര്യം പെറ്റീഷൻ കമ്മിറ്റിയുടെ റിപ്പോർട്ടിൽ വളരെ ക്ലിയറായിട്ട് പറഞ്ഞിട്ടുണ്ട്, ഇങ്ങനെയുള്ളവരുടെമേൽ ആക്ഷൻ എടുക്കണമെന്ന്. ഇതൊന്നു പരിശോധിച്ചിട്ട് വേണ്ട നടപടി സ്വീകരിക്കുവാൻ ഗവൺമെന്റ് തയ്യാറാകുമോ?

ശ്രീ. കെ. കരുണാകരൻ: നിർദ്ദേശത്തിനെതിരായി ട്രാൻസ്പോർട്ട് കോർപ്പറേഷനല്ല ഏത് കോർപ്പറേഷൻ പ്രവർത്തിച്ചാലും നടപടിയെടുക്കാതിരിക്കാൻ നിവൃത്തിയില്ല. മുമ്പ് ഹരിജനങ്ങൾക്കുള്ള റിക്രൂട്ടുമെന്റിൽ അവർക്കു അർഹതപ്പെട്ട 10 ശതമാനം കിട്ടാതാകുന്ന ഒരു സ്ഥിതി വിശേഷമുണ്ടായിരുന്നു. പ്രത്യേകിച്ച് കെ.എസ്.ആർ.ടി.സി. പോലുള്ള സ്ഥാപനങ്ങളിൽ കാളിഫൈഡായിട്ടുള്ള ഡ്രൈവേഴ്സിനേയും കൺഡക്ടേഴ്സിനേയുംകിട്ടാനുള്ള ബുദ്ധിമുട്ടുണ്ടായിരുന്നു.ഒരുകാലത്ത് അവരെ കിട്ടാൻ ബുദ്ധിമുട്ടുണ്ടായിരുന്നുവെങ്കിൽ ഇന്ന് ആ ബുദ്ധിമുട്ട് കുറഞ്ഞിട്ടുണ്ട്. ആ സ്ഥാനത്ത് അവരെത്തന്നെ നിയമിക്കാതെ മറ്റുള്ളവർ തുടരുന്നുണ്ടെങ്കിൽ അത് നിർഭാഗ്യകരമാണ്. ഇന്ന് ഏതാണ്ട് അത് നിർത്തൽചെയ്തു 250-ഓളം ഹരിജനങ്ങളെ റിക്രൂട്ട് ചെയ്തിട്ടുണ്ട്. കെ. എസ്. ആർ. ടി. സി. യിൽ സ്ട്രെങ്ത് കുറയ്ക്കണമെന്ന് പറഞ്ഞ സാഹചര്യത്തിലും റിക്രൂട്ട് ചെയ്യാൻ പറഞ്ഞിരിക്കുകയാണ്. അതിനു വേണ്ടുന്ന കൽപ്പന പുറപ്പെടുവിച്ചിട്ടുണ്ട്. അവർക്ക് കൊടുത്തിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ബേബിജോൺ: പുതിയതായിട്ടുണ്ടാകുന്ന ക്ഷേമനിധിപോലുള്ള ചില കോർപ്പറേഷനുകളിൽ ടെക്നിക്കൽ ജോബ് ഒഴിച്ച് ക്ലെറിക്കൽ പോസ്റ്റുകളിലേക്കുള്ള വേക്കൻസികളിൽ പി. എസ്. സി. യുടെ റിക്രൂട്ടുമെന്റിൽ താമസം നേരിടുകയാണെങ്കിൽ കൺസേൺഡ് ഡിപ്പാർട്ടുമെന്റിൽനിന്നും സ്റ്റാഫിനെ അയക്കുന്ന കാര്യം പരിഗണിച്ചുകൂടെ? ആരും അങ്ങോട്ടും ഇങ്ങോട്ടും പറയുന്നതല്ല. അതിനുള്ള ഒരു വഴി ഉണ്ടാക്കാൻ നോക്കണം.

ശ്രീ. കെ. കരുണാകരൻ: കഴിഞ്ഞമാസം എടുത്തിട്ടുള്ള ഒരു തീരുമാനം അനുസരിച്ച് പി.എസ്.സി. യുടെ ഒരു മെമ്പർ കൂടിയിരുന്ന് സെലക്ട് ചെയ്യാമെന്ന് തീരുമാനിച്ചിട്ടുണ്ട്. അതിന് പി. എസ്. സി. യുടെ ചെയർമാനുമായിട്ട് ഞങ്ങൾ ഡിസ്ക്ഷൻ വച്ചിരിക്കുകയാണ്. എല്ലാം പി.എസ്.സി. വഴിയായാൽ തീരില്ലായെന്നുള്ളതിൽ ഉൽക്കണ്ഠയുള്ളതുകൊണ്ട് പി. എസ്. സി. മെമ്പർ ചെയർമാനായുള്ള ഒരു സംവിധാനമുണ്ടാക്കാൻ തീരുമാനിച്ചിരിക്കുകയാണ്. അത് ഏത് നിലയിലാണ് വേണ്ടതെന്ന് പരിശോധിച്ച് പി. എസ്. സി. ചെയർമാനുമായിട്ട് ഡിസ്കഷൻ നടത്തി തീരുമാനിക്കുന്നതാണ്.

സർ, ഞാൻ ഈ പ്രമേത്തിന്റെ തത്വത്തോട് യോജിക്കുകയാണ്. ഈ സമ്പ്രദായം അവസാനിപ്പിക്കേണ്ടത് ആവശ്യമാണ്. എന്റെ ബഹുമാന്യനായ സുഹൃത്ത് കാർത്തികേയന്റെ പ്രമേയത്തിലെ ഉദ്ദേശ്യം പൂർണ്ണമായും നടപ്പിലാക്കാൻ ഗവൺമെന്റ് ബാദ്ധ്യസ്ഥമാണ്. അത് ഗവൺമെന്റ് ചെയ്യാൻ തയ്യാറാണ്. ഈ പ്രമേയം അതേപടി സ്വീകരിക്കുന്നതിൽ ഒരു ബുദ്ധിമുട്ടുണ്ട്. മുഴുവനും ഏകീകൃത രൂപത്തിലാക്കണമെന്നുള്ളത് പ്രായോഗികമല്ല. ഇതിന്റെ തത്വത്തോട് യോജിക്കുകയും പ്രമേയം പിൻവലിക്കണമെന്ന് അഭ്യർത്ഥിക്കുകയും ചെയ്യുന്നു. ഇതിലെ തത്വം അതേപടി നടപ്പിലാക്കാൻ ഗവൺമെന്റ് തയ്യാറാണ്. അതുകൊണ്ട് ഈ പ്രമേയം പിൻവലിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

ശ്രീ. സി. കെ. തങ്കപ്പൻ അവതരിപ്പിച്ച ഭേദഗതികൾ സഭ വോട്ടിനിട്ട് നിരാകരിച്ചു.

ശ്രീ. സി. കെ. ചക്രപാണി അവതരിപ്പിച്ച ഭേദഗതി സഭ വോട്ടിനിട്ട് നിരാകരിച്ചു.

ശ്രീ. ജി. കാർത്തികേയൻ അവതരിപ്പിച്ച പ്രമേയം സഭയുടെ അംഗീകാരത്തോടുകൂടി പിൻവലിച്ചു.

ശ്രീ. കെ. പി. പ്രഭാകരൻ: സർ, ഞാൻ പ്രമേയം പിൻവലിക്കുന്നതിനെ എതിർക്കുന്നു. പോൾ ആവശ്യപ്പെടുന്നു.

(സഭ താഴെ കാണും പ്രകാരം വേർതിരിഞ്ഞ് വോട്ട് രേഖപ്പെടുത്തുകയുണ്ടായി.)

അനുകൂലിക്കുന്നവർ—59

1. ശ്രീ. പി. എം അബൂബേക്കർ
2. ,, സി. ടി. അഹമ്മദ്അലി
3. ,, കെ. അവുക്കാദർകുട്ടിനഹ
4. ,, ആർ. ബാലകൃഷ്ണപിള്ള
5. ,, പി. കെ. കെ. ബാവ

LIBRARY ARCHIVES Kerala Legislative Assembly

6. ശ്രീ. ബെന്നി ബഹനാൻ
7. ,, വി. ദിനകരൻ
8. ,, എം. പി. ഗംഗാധരൻ
9. ,, പി. സി. ജോർജ്
10. ,, എം. എം. ഹസ്സൻ
11. ,, എം. പി. എം. ഇസ്ഹാക്ക് കുരിക്കൾ
12. ,, എ. എൽ. ജേക്കബ്
13. ,, സി. ജി. ജനാർദ്ദനൻ
14. ,, ടി. എസ്. ജോൺ
15. ,, എ. സി. ജോസ്
16. ഡോക്ടർ കെ. സി. ജോസഫ്
17. ശ്രീ. കെ. സി. ജോസഫ്
18. ,, വി. വി. ജോസഫ്
19. ,, കെ. കെ. നായർ
20. ,, കെ. ജി. ആർ. കർത്താ
21. ,, ജി. കാർത്തികേയൻ
22. ,, കെ. കരുണാകരൻ
23. ,, പി. കെ. കുഞ്ഞാലിക്കുട്ടി
24. ,, മണിമംഗലത്തു കുട്ട്യാലി
25. ,, കെ. പി. എ. മജീദ്
26. ,, കെ. എം. മാണി
27. ,, എം. വി. മാണി
28. ,, കെ. മുഹമ്മദാലി
29. ,, ഇ. ടി. മുഹമ്മദ് ബഷീർ
30. ,, പി. എ. മുഹമ്മദ് കുട്ടി
31. ,, പി. വി. മുഹമ്മദ്
32. ,, കെ. എസ്. നാരായണൻ നമ്പൂതിരി
33. ,, കെ. പി. നൂറുദ്ദീൻ
34. ,, സി. വി. പത്മരാജൻ
35. ,, കെ. രാഘവൻമാസ്റ്റർ
36. ,, രാഘവൻ പൊഴക്കടവിൽ
37. ,, കെ. കെ. രാമചന്ദ്രൻമാസ്റ്റർ
38. ,, എസ്. രാമചന്ദ്രൻപിള്ള
39. ,, രമേശ് ചെന്നിത്തല
40. ,, തോപ്പിൽ രവി
41. ,, എൻ. ശക്തൻനാടാർ
42. ,, പി. സീതിഹാജി
43. ,, സിദ്ധാർത്ഥൻ കാട്ടുങ്ങൽ
44. ,, കടവൂർ ശിവദാസൻ
45. ,, നാലകത്തു സൂപ്പി
46. ,, കെ. കെ. ശ്രീനിവാസൻ
47. ,, എൻ. ശ്രീനിവാസൻ
48. ,, പന്തളം സുധാകരൻ
49. ,, കോട്ടക്കുഴി സുകുമാരൻ
50. ,, സി. എം. സുന്ദരം
51. ,, എൻ. സുന്ദരൻനാടാർ
52. ,, പി. പി. തങ്കച്ചൻ

LIBRARY ARCHIVES Kerala Legislative Assembly

53. ശ്രീ. സി. എഫ്. തോമസ്
54. ,, കെ. കെ. തോമസ്
55. ,, പി. സി. തോമസ് (തിരുവല്ല)
56. ,, തോമസ് കല്ലംപള്ളി
57. ,, പി. കെ. വേലായുധൻ
58. ,, ടി. വി. വിജയരാജൻ
59. ,, സ്റ്റീഫൻ പാദുവ

പ്രതികൂലിക്കുന്നവർ—46

1. ശ്രീ. ടി. കെ. അബ്ദു
2. ,, ടി. കെ. ആറുമുഖൻ
3. ,, ബേബിജോൺ
4. ,, കോടിയേരി ബാലകൃഷ്ണൻ
5. ,, ഒ. ഭരതൻ
6. ശ്രീമതി ഭാർഗ്ഗവി തങ്കപ്പൻ
7. ശ്രീ. സി. കെ. ചക്രപാണി
8. ,, കെ. ആർ. ചന്ദ്രമോഹനൻ
9. ,, എൻ. ചന്ദ്രശേഖരക്കുറുപ്പ്
10. ,, വി. എസ്. ചന്ദ്രശേഖരൻപിള്ള
11. ശ്രീമതി പി. ദേവൂട്ടി
12. ശ്രീ. ടി. കെ. ഹംസ
13. ,, കെ. ഇ. ഇസ്മായിൽ
14. ,, എം. ജിനദേവൻ
15. ,, ഇ. കെ. നായനാർ
16. ,, വി. സി. കബീർ
17. ,, കെ. ടി. കണാരൻ
18. ,, എം. കെ. കേശവൻ
19. ,, വി. കേശവൻ
20. ,, സി. ടി. കൃഷ്ണൻ
21. ,, കെ. കൃഷ്ണൻകുട്ടി
22. ,, കോലിയക്കോട് എൻ. കൃഷ്ണൻനായർ
23. ,, കെ. ടി. കുമാരൻ
24. ,, പി. കുമാരൻ
25. ,, പി. വി. കുഞ്ഞിക്കണ്ണൻ
26. ,, ലോനപ്പൻനമ്പാടൻ
27. ,, സി. പി. മൂസ്സാൻകുട്ടി
28. ,, കെ. മൂസ്സക്കുട്ടി
29. ,, എ. കെ. പത്മനാഭൻ
30. ,, ഇ. പത്മനാഭൻ
31. ,, കെ. പങ്കജാക്ഷൻ
32. ,, കെ. പി. പ്രഭാകരൻ
33. ,, കെ. പുരുഷോത്തമൻ
34. ശ്രീമതി റേയ്ച്ചൽ സണ്ണി പനവേലി
35. ശ്രീ. വർക്കല രാധാകൃഷ്ണൻ
36. ,, കാനം രാജേന്ദ്രൻ
37. ,, എ. കെ. ശശീന്ദ്രൻ
38. ,, കെ. വി. സുരേന്ദ്രനാഥ്

LIBRARY ARCHIVES Kerala Legislative Assembly

39. ശ്രീ എ. വി. താമരാക്ഷൻ
40. ,, സി. കെ. തങ്കപ്പൻ
41. ,, വി. ജെ. തങ്കപ്പൻ
42. ,, എസ്. ആർ. തങ്കരാജ്
43. ,, പി. സി. തോമസ് (കടുത്തുരുത്തി)
44. ,, ജി. വരദൻ
45. ,, സി. വാസുദേവമേനോൻ
46. ,, പി. വിജയദാസ്

നിഷ്പക്ഷർ—ഇല്ല.

പ്രമേയം പിൻവലിക്കുന്നതിനെ അനുകൂലിക്കുന്നവർ—59

പ്രതികൂലിക്കുന്നവർ—46

നിഷ്പക്ഷത പാലിക്കുന്നവർ—ആരുമില്ല.

(പ്രമേയം സഭയുടെ അനുമതിയോടുകൂടി പിൻവലിച്ചതായി പ്രഖ്യാപിച്ചു.)

(ii) കേരളത്തിലെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ഭരണ സമിതികളിലേക്കുള്ള തെരഞ്ഞെടുപ്പ്

ശ്രീ. സി. ടി. കൃഷ്ണൻ: സർ, ''കേരളത്തിലെ മുഴുവൻ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ഭരണ സമിതികളിലേക്കുള്ള തെരഞ്ഞെടുപ്പ് രണ്ടു മാസത്തിനകം നടത്തി ഭരണം തിരഞ്ഞെടുക്കപ്പെടുന്ന പുതിയ സമിതികളെ ഏൽപ്പിക്കണമെന്നും ഈ സഭ ഗവൺമെന്റിനോട് ആവശ്യപ്പെടുന്നു'' എന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

കേരളത്തിലെ പഞ്ചായത്തുകളും, മുനിസിപ്പാലിറ്റികളും, കോർപ്പറേഷനുകളും എന്നിവയുടെ കാലാവധി കഴിഞ്ഞിട്ട് 2 വർഷം തികയാൻ പോകുന്നു. 1001 പഞ്ചായത്തുകളും 43 മുനിസിപ്പാലിറ്റികളും 3 കോർപ്പറേഷനുകളും ഒരു ടൗൺഷിപ്പും സംസ്ഥാനത്തുണ്ടെന്ന് പഞ്ചായത്തു വകുപ്പു മന്ത്രി ഇവിടെ പറഞ്ഞു. 1984 സെപ്തംബർ 30-ന് ആണ് നിലവിലുള്ള തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ കാലാവധി കഴിഞ്ഞത്. തിരഞ്ഞെടുപ്പ് നടത്താൻ ഗവൺമെന്റ് ഇതേവരെ കൂട്ടാക്കിയിട്ടില്ല. ബഹുമാനപ്പെട്ട മന്ത്രി ഇതിനു മുമ്പും ഇന്നലെയും ഇവിടെ മറുപടി പറയുന്ന അവസരത്തിലൊക്കെ പറഞ്ഞത്, തിരഞ്ഞെടുപ്പിനുള്ള എല്ലാ പ്രവർത്തനവും പൂർത്തിയാക്കിയെന്നാണ്. വാർഡ് വിഭജനം കഴിഞ്ഞു. വോട്ടർ പട്ടിക പുതുക്കി പ്രസിദ്ധീകരിച്ചു. ഉദ്യോഗസ്ഥൻമാരെ നിയമിച്ചു. പിന്നെ എന്തു കാരണംകൊണ്ടാണ് തിരഞ്ഞെടുപ്പു നടത്താത്തത് എന്നു മാത്രം പറഞ്ഞില്ല. പ്രത്യേകിച്ച് ഇപ്പോൾ പ്രതിപക്ഷമായ യു.ഡി.എഫിന് തിളക്കം വർദ്ധിക്കുകയും മുഖ്യമന്ത്രിക്ക് മിനുസവും വർദ്ധിച്ചിരിക്കുന്ന ഈ പരിതഃസ്ഥിതിയിൽ തിരഞ്ഞെടുപ്പു നടത്തുന്നതിന് എന്താണ് തടസമെന്ന് പറയുന്നില്ല. പാവം നമ്മുടെ പഞ്ചായത്തു മന്ത്രിയോട് പറഞ്ഞിട്ട് കാര്യമില്ല. അദ്ദേഹം നിരപരാധിയാണ്. പഞ്ചായത്തു മന്ത്രിയുടെ മുനിസിപ്പാലിറ്റി വകുപ്പ് പോയിരിക്കുകയാണ്. ഇനി ഉള്ളതു പറഞ്ഞാൽ നമ്മുടെ നാട്ടിൽ പറയുന്നതുപോലെ കണ്ടതു പറഞ്ഞാൽ ''ഉള്ളതും പോയട നൊള്ളക്കണ്ണാ'',

LIBRARY ARCHIVES Kerala Legislative Assembly